# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒറ്റപ്പാലം മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-22/1667 /21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/02/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഒറ്റപ്പാലം മുനിസിപ്പാലിറ്റി

സർ,

വിഷയം : ഒറ്റപ്പാലം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(with C/L)
ഡയറക്ടർ,നഗരകാര്യ വകുപ്പ്,തിരുവനന്തപുരം(with C/L)
ഓഫീസ് പകർപ്പ്

നമ്പർ: No.KSA PKD-22/1667 /21 തീയ്യതി: 03/02/2022

## പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2020 മുതൽ 22-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-10-2021 | 29-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2021 | 29-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.കെ.ആർ. പ്രകാശ് ബാബു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
2.കെ.ജി.റോബർട്ട്, ഓഡിറ്റ് ഓഫീസർ
3.യു.ബിജു ആന്റണി,ഓഡിറ്റ് ഓഫീസർ
4.കെ.പി.മുഹമ്മദ് ഫാറൂക്ക്, അസി.ഓഡിറ്റ് ഓഫീസർ
5.എ.ബി.സുരേഷ്, അസി.ഓഡിറ്റ് ഓഫീസർ
6.കെ.പി.രാമകൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ

7.എം.ശിവപ്രസാദ്, അസി.ഓഡിറ്റ് ഓഫീസർ
8.എം.എസ്.താരീക്ക്, സീനി.ഗ്രേഡ് ഓഡിറ്റർ
9.സി.എസ്.അനില,സീനി.ഗ്രേഡ് ഓഡിറ്റർ
10.കെ.ഗീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നാരായണൻ നമ്പൂതിരി | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.സീന എച്ച് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.അൻസാർ അഹമ്മദ് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| അർച്ചന സി.ആർ | കൃഷി ഓഫീസർ (ഇൻ ചാർജ്ജ) | 01-04-2019 | 16-05-2019 |
| ദിവ്യ എസ്.എൽ | കൃഷി ഓഫീസർ | 17-05-2019 | 26-11-2019 |
| അർച്ചന സി.ആർ | കൃഷി ഓഫീസർ (ഇൻ ചാർജ്ജ) | 27-11-2019 | 08-12-2019 |
| മീനാക്ഷി ഡി | കൃഷി ഓഫീസർ | 09-12-2019 | 31-03-2020 |
| ജ്യോതി ലക്ഷ്മി ടി.ഡി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഗീത കെ.പി | പ്രിൻസിപ്പൽ, ജി.എച്ച്,എസ്,എസ്,ഒറ്റപ്പാലം | 01-04-2019 | 31-03-2020 |
| പരമേശ്വരൻ നമ്പൂതിരി | ഹെഡ് മാസ്റ്റർ, ജി.എച്ച്.എസ് ഒറ്റപ്പാലം | 01-04-2019 | 31-03-2020 |
| ബേബി തോമസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശോഭ എ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.പി.ജി.രാജേഷ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 12-10-2019 |
| ഡോ.സി.സുധീർ ബാബു | വെറ്ററിനറി സർജ്ജൻ | 13-10-2019 | 31-03-2020 |
| ഡോ.ബി.കെ.കോമളം | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസആയുർവേദം) | | |
| ഡോ.താജ് പോൾ പനക്കൽ | മെഡിക്കൽ ഓഫീസർ(താലൂക്ക് ഹോസ്പിറ്റൽ,ഒറ്റപ്പാലം) | 01-04-2019 | 07-09-2019 |
| ഡോ.നിഷാദ് ടി.ജി | മെഡിക്കൽ ഓഫീസർ(താലൂക്ക് ഹോസ്പിറ്റൽ,ഒറ്റപ്പാലം) | 08-09-2019 | 19-11-2019 |
| ഡോ.താജ് പോൾ പനക്കൽ | മെഡിക്കൽ ഓഫീസർ(താലൂക്ക് ഹോസ്പിറ്റൽ,ഒറ്റപ്പാലം) | 20-11-2019 | 31-03-2020 |
| ഡോ.അച്ചാമ്മ ലെനു തോമസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ടി.റഫീക്ക് | പ്രോജക്ട് ഓഫീസർ,ദാരിദ്ര്യ നിർമ്മാർജ്ജനം | 01-04-2019 | 31-03-2020 |
| എം.മണികണ്ഠൻ | ഹെൽത്ത് ഓഫീസർ | 01-04-2019 | 04-08-2019 |
| സി.കെ.രാധാകൃഷ്ണൻ | ഹെൽത്ത് ഓഫീസർ | 05-08-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജററ്<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-11-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-11-2021) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 10-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 12-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 30-11-2021)<br>Last Updated By: Geetha K (Auditor, On 30-11-2021) | 1-7 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-01-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-01-2022) | 1-10 |
| 12 | വസ്തുനികുതി രേഖകളുടെ പരിശോധനയിൻമേലുള്ള കണ്ടെത്തലുകൾ<br>Written By: C.S.Anila (Senior Grade Auditor, On 01-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 02-12-2021) | 1-11 |
| 13 | നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം- നാളിതുവരെയും പൂർത്തിയായിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 27-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-11-1 |
| 14 | സഞ്ചയയിലെ വിവരങ്ങൾ കൃത്യമാക്കി നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ്.<br>Written By: C.S.Anila (Senior Grade Auditor, On 27-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-11-2 |
| 15 | കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക് - വസ്തുനികുതി ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 28-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-01-2022) | 1-11-3 |
| 16 | സഞ്ചയയിൽ നികുതിനിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 28-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-01-2022) | 1-11-4 |

| | | |
|---|---|---|
| 17 | മൊബൈൽടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 27-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-01-2022) | 1-11-5 |
| 18 | നഗരസഭയിലെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 26-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 02-12-2021) | 1-12 |
| 19 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 27-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 02-12-2021) | 1-12(1) |
| 20 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 27-11-2021)<br>Last Updated By: P. Sujatha (Audit Officer, On 11-12-2021) | 1-12-2 |
| 21 | നഗരസഭയിലുള്ള എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരം ലൈസൻസ് നേടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 08-01-2022) | 1-13 |
| 22 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക - നിരീക്ഷണങ്ങൾ<br>Written By: C.S.Anila (Senior Grade Auditor, On 01-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 02-12-2021) | 1-14 |
| 23 | ബൈലോ - സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 01-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 02-12-2021) | 1-14(1) |
| 24 | കരാർ ചമച്ചിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 01-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 02-12-2021) | 1-14(2) |
| 25 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 01-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-14(3) |
| 26 | ഭീമമായ ലോൺതുക എടുത്ത് നിർമ്മിച്ച കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു<br>Written By: C.S.Anila (Senior Grade Auditor, On 01-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-14(4) |
| 27 | അനധികൃത നിർമ്മാണങ്ങളിൽ തുടർ പരിശോധന നടത്തുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-15 |
| 28 | അനധികൃത നിർമ്മാണങ്ങൾ- ചട്ടം, സർക്കാർ ഉത്തരവ് എന്നിവ പാലിക്കുന്നില്ല<br>Written By: C.S.Anila (Senior Grade Auditor, On 28-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-16 |
| 29 | ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചതിൽ തുടരന്വേഷണം നടത്തുന്നില്ല<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 09-01-2022) | 1-17 |
| 30 | റഗുലറൈസേഷൻ ഫീ മൂന്നിരട്ടി ഈടാക്കുന്നത് ചട്ടവിരുദ്ധം<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 11-01-2022) | 1-18 |
| 31 | ഭക്ഷണസാധനങ്ങൾ കൈകാര്യം ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉറപ്പാക്കേണ്ടതാണ്.<br>Written By: M.S.Tharick (Senior Grade Auditor, On 27-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 08-01-2022) | 1-19 |
| 32 | ബസ് സ്റ്റാന്റ് ലേലം - ലേലം ലഭിച്ച വ്യക്തിയെ സമയബന്ധിതമായി അറിയിക്കുകയോ, കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 29-11-2021) | 1-20 |

| | | |
|---|---|---|
| | Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | |
| 33 | നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: K.R.Prakashbabu (Audit Officer, On 29-11-2021)<br>Last Updated By: P. Sujatha (Audit Officer, On 11-01-2022) | 1-21 |
| 34 | തനത് ഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തുന്നു<br>Written By: K.R.Prakashbabu (Audit Officer, On 29-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-22 |
| 35 | ചെക്കുകൾ ക്രമീകരിച്ചിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 29-11-2021)<br>Last Updated By: Geetha K (Auditor, On 06-01-2022) | 1-23 |
| 36 | രസീതി പരിശോധന – കണ്ടെത്തലുകൾ<br>Written By: K.R.Prakashbabu (Audit Officer, On 29-11-2021)<br>Last Updated By: Geetha K (Auditor, On 05-01-2022) | 1-24 |
| 37 | ചെലവുകൾക്കാധാരമായ രേഖകളും ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: K.P. Muhammed Farook (Asst. Audit Officer, On 26-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-25 |
| 38 | സർക്കാർ അനുമതിയില്ലാതെ ദിവസ വേതന നിയമനം- വേതനമിനത്തിൽ ചെലവഴിച്ച 1892284 തുക തടസ്സപ്പെടുത്തുന്നു.<br>Written By: K.P. Muhammed Farook (Asst. Audit Officer, On 26-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 05-02-2022) | 1-26 |
| 39 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - അവലോകനം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 26-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-27 |
| 40 | പെൻഷൻ കോൺട്രിബ്യൂഷൻ, എൻ.പി.എസ്. വിഹിതം എന്നിവയുടെ വിശദാംശങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 01-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-28 |
| 41 | മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 26-11-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-02-2022) | 1-29 |
| 42 | നഗരസഭയുടെ ഔദ്യോഗിക വാഹനങ്ങൾ- ചട്ടപ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 26-11-2021)<br>Last Updated By: K.P. Muhammed Farook (Asst. Audit Officer, On 02-01-2022) | 1-30 |
| 43 | സംരക്ഷണഭിത്തിയ്ക്ക് വേണ്ടി മൺപണി അധികം നടത്തിയിരിക്കുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 29-11-2021)<br>Last Updated By: Biju Antony (Audit Officer, On 08-01-2022) | 1-31 |
| 44 | കരാറുകാർ പ്രവർത്തികൾ ഏറ്റെടുത്തില്ല. ബിറ്റുമിൻ ഇപ്പോഴും അവശേഷിക്കുന്നു.<br>Written By: K.G.Robert (Audit Officer, On 01-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-32 |
| 45 | മീറ്റന ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുവാന് മുൻകൂർ അനുവദിച്ച് നല്കിയ തുക ഈടാക്കേണ്ടതാണ്<br>Written By: K.G.Robert (Audit Officer, On 01-12-2021)<br>Last Updated By: K.G.Robert (Audit Officer, On 09-01-2022) | 1-33 |
| 46 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 29-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-34 |
| 47 | പകൽ വീട് സംബന്ധിച്ച ചെലവുകളിൽ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-35 |

| | | |
|---|---|---|
| | ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Biju Antony (Audit Officer, On 28-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | |
| 48 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 28-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-36 |
| 49 | മരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റ് നിശ്ചിത സമയത്ത് വെക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Biju Antony (Audit Officer, On 29-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-37 |
| 50 | കെ.എസ്.ഇ.ബി- വിവിധ ഡെപ്പോസിറ്റ് പ്രവൃർത്തികൾക്ക് കരാർ ചമച്ചിട്ടില്ല:-<br>Written By: K.G.Robert (Audit Officer, On 01-12-2021)<br>Last Updated By: K.G.Robert (Audit Officer, On 09-01-2022) | 1-38 |
| 51 | കേരള വാട്ടർ അതോറിട്ടി-ഡെപ്പോസിറ്റ് വർക്കുകൾ അപാകതകൾക്ക് വിശദീകരണം നല്കിയില്ല.<br>Written By: K.G.Robert (Audit Officer, On 01-12-2021)<br>Last Updated By: K.G.Robert (Audit Officer, On 09-01-2022) | 1-39 |
| 52 | SC വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: M.sivaprasad (Asst. Audit Officer, On 27-11-2021)<br>Last Updated By: M.sivaprasad (Asst. Audit Officer, On 30-12-2021) | 1-40 |
| 53 | SC വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -വിദ്യാർത്ഥിനികൾ അല്ലാത്തവർക്ക് നൽകിയ ലാപ്പ്ടോപ്പിന്റെ വില ഈടാക്കേണ്ടതാണ്.<br>Written By: M.sivaprasad (Asst. Audit Officer, On 27-11-2021)<br>Last Updated By: M.sivaprasad (Asst. Audit Officer, On 10-01-2022) | 1-40-1 |
| 54 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും -പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: M.sivaprasad (Asst. Audit Officer, On 27-11-2021)<br>Last Updated By: M.sivaprasad (Asst. Audit Officer, On 30-12-2021) | 1-41 |
| 55 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- അപാകതകൾ പരിഹരിക്കണം.<br>Written By: A B Suresh (Asst. Audit Officer, On 26-11-2021)<br>Last Updated By: K.P. Muhammed Farook (Asst. Audit Officer, On 02-01-2022) | 1-42 |
| 56 | SCവിദ്യാർഥിനികൾക്ക് ലാപ്പ്ടോപ്പ്- വിതരണം ചെയ്യാൻ ബാക്കിയുള്ള ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം<br>Written By: A B Suresh (Asst. Audit Officer, On 26-11-2021)<br>Last Updated By: K.P. Muhammed Farook (Asst. Audit Officer, On 02-01-2022) | 1-42-1 |
| 57 | ആശുപത്രിയിലേക്ക് ഡയാലിസിസ്/ലാബ് റീ-ഏജന്റ് വാങ്ങൽ - സാധനങ്ങൾ മുഴുവനായും ലഭ്യമായിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 29-11-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 11-01-2022) | 1-43 |
| 58 | പാലിയേറ്റീവ് കെയർ പ്രോജക്ട് - സെക്കന്ററി തലത്തിൽ സംയുക്ത പ്രൊജക്ട് രൂപീകരിക്കേണ്ടതാണ്.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 29-11-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 06-01-2022) | 1-44 |
| 59 | തരിശ്ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല<br>Written By: A B Suresh (Asst. Audit Officer, On 29-11-2021)<br>Last Updated By: A B Suresh (Asst. Audit Officer, On 12-01-2022) | 1-45 |

| | | |
|---|---|---|
| 60 | ഭവനപുനരുദ്ധാരണം- രേഖകൾ ഹാജരാക്കിയില്ല - 2495000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 27-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-46 |
| 61 | പ്രിൻസിപ്പാൾ,ജി,എച്ച്.എസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ കാണുന്ന പൊതു അപാകതകൾ<br>Written By: Biju Antony (Audit Officer, On 28-11-2021)<br>Last Updated By: Biju Antony (Audit Officer, On 08-01-2022) | 1-47 |
| 62 | വിനിയോഗ വിവരങ്ങളിൽ അവ്യക്ത . ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Biju Antony (Audit Officer, On 28-11-2021)<br>Last Updated By: Biju Antony (Audit Officer, On 08-01-2022) | 1-47-1 |
| 63 | തൊഴിലുറപ്പ് പദ്ധതി - വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 29-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-48 |
| 64 | പി.എം.എ.വൈ പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 27-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-49 |
| 65 | PMAY സംബന്ധമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 27-11-2021)<br>Last Updated By: M.sivaprasad (Asst. Audit Officer, On 30-12-2021) | 1-49-1 |
| 66 | UIDSSMT -അവശേഷിക്കുന്ന പദ്ധതി തുകതിരിച്ചടവാക്കേണ്ടതാണ്.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 29-11-2021)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 31-12-2021) | 1-50 |
| 67 | കുടുംബശ്രീ വിപണന കേന്ദ്രം- പ്രവർത്തനം തുടങ്ങേണ്ടതാണ്.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 29-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-51 |
| 68 | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ ഹെഡ്മാസ്റ്റർ നടപ്പാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 27-11-2021)<br>Last Updated By: M.sivaprasad (Asst. Audit Officer, On 30-12-2021) | 1-52 |
| 69 | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ പ്രൊജക്ട് ഓഫീസർ നടപ്പാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 27-11-2021)<br>Last Updated By: M.sivaprasad (Asst. Audit Officer, On 30-12-2021) | 1-53 |
| 70 | വ്യവസായ വികസന ഓഫീസർ തൻവർഷം ഏറ്റെടുത്ത ഒരു പദ്ധതിയും നടപ്പിലാക്കിയില്ല<br>Written By: K.R.Prakashbabu (Audit Officer, On 01-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 09-01-2022) | 1-54 |
| 71 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 26-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-55 |
| 72 | തുടർ സാക്ഷരതാ, തുല്യതാ,പഠന സഹായം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: A B Suresh (Asst. Audit Officer, On 29-11-2021)<br>Last Updated By: A B Suresh (Asst. Audit Officer, On 02-01-2022) | 1-56 |
| 73 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: K.G.Robert (Audit Officer, On 03-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 1-57 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സംരക്ഷണഭിത്തിയ്ക്ക് വേണ്ടി മൺപണി അധികം നടത്തിയിരിക്കുന്നു. | 3-1 |

| | | |
|---|---|---|
| | അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 03-12-2021)<br>Last Updated By: Biju Antony (Audit Officer, On 08-01-2022) | |
| 2 | SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -വിദ്യാർത്ഥിനികൾ അല്ലാത്തവർക്ക് നൽകിയ ലാപ്ടോപ്പിന്റെ വില ഈടാക്കേണ്ടതാണ്<br>Written By: K.R.Prakashbabu (Audit Officer, On 03-12-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-01-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 12-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 09-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 30-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 02-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 30-11-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-12-2021) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വിവിധ പത്രികകൾ-സംഗ്രഹം | |

## ഭാഗം -1

### 1-1 ബജററ്

2019-20വർഷത്തെ ബജറ്റ് 26/02/2019 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം നം.1/27-3-2020). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 92243147 | 1183994000 | 1276237147 | 1177831700 | 98405447 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 11-06-20 | ----- | ----- |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1. വസ്തുനികുതി പരിഷ്കരണം, സഞ്ചയയിലെ ഡാറ്റാ എൻട്രി എന്നിവ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ സഞ്ചയയിൽ നിന്നും ലഭ്യമാകുന്ന വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യമല്ല. അതുകൊണ്ടുതന്നെ വാർഷിക ധനകാര്യ പത്രികയിലെ ഈ ഇനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
2. തൊഴിൽ നികുതി, വാടക, ഡി&ഓ, ലേലം തുടങ്ങിയ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിലെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ മേൽ പരാമർശിച്ച വരവുകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
3. ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 31.03.2021 വരെ പണമാക്കാത്ത ചെക്കുകളിലായി 6,04,345/- രൂപ നിലനില്ക്കുന്നു. പണമാക്കാത്ത മുഴുവൻ ചെക്കുകളും വാർഷിക ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
6. സ്റ്റോക്ക് രജിസ്റ്റർ വാല്യു ബേസ്ഡ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 85540682.61 |
| ഓഡിറ്റ് വർഷത്തെ വരവ് | 290605507 |
| ആകെ | 376146189.61 |
| ചെലവ് | 320647800 |

| | |
|---|---|
| നീക്കിയിരിപ്പ് | 55498389.61 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 37364394 | 37364394 | 25403999 | 11960395 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 23795334 | 23795334 | 11355659 | 12439675 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 389000 | 389000 | 195000 | 194000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 20227000 | 20227000 | 5084144 | 15142856 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 18743000 | 18743000 | 13095478 | 5647522 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 76028000 | 76028000 | 20554040 | 55473960 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| PMAY | 27992289 | 98057181 | 126049470 | 125830191 | 219279 |
| NULM | 724052 | 1640637 | 2364689 | 1115654 | 1249035 |
| Swach Bharath | 1572045 | 4258945 | 5830990 | 9100 | 5821890 |
| AUEGS | 1128326 | 5084090 | 6212416 | 6125553 | 86863 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 310 | 757700129 | 151 | 83381653 | 0 | 159 | 48.70 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കി യത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 4 | 6906100 | 5031454 | 72.85 |
| SCDO | 1 | 1 | 920000 | 680000 | 73.91 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 4 | 9514020 | 4360884 | 45.83 |
| സെക്രട്ടറി | 24 | 18 | 97732250 | 17927899 | 18.34 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 202 | 80 | 352422269 | 27953065 | 7.93 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ | 10 | 7 | 10114166 | 5407022 | 53.45 |
| മെഡിക്കൽ ഓഫീസർ-ISM | 6 | 5 | 3380000 | 2751835 | 81.41 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 2685000 | 677750 | 25.24 |
| ഹെഡ് മിസ്ട്രസ് | 4 | 1 | 855000 | 14830 | 1.73 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 5 | 0 | 3690000 | 0 | 0 |
| പ്രിൻസിപ്പൽ, GVHSS | 6 | 4 | 3000000 | 2375000 | 79.16 |
| പ്രോജക്ട് ഓഫീസർ,ദാരിദ്ര്യ നിർമ്മാർജ്ജനം | 21 | 14 | 264145419 | 14462311 | 5.47 |
| ഹെൽത്ത് ഓഫീസർ | 7 | 4 | 2135905 | 1539603 | 72.08 |
| ആകെ | 310 | 151 | 757700129 | 83381653 | 11 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളി കളുടെ കൂലി | 1128326 | 5084090 | 6212416 | 5686429 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 439124 | 86863 |

### 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/10/2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 71757/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57960 | 62 |
| കർഷകതൊഴിലാളി പെൻഷൻ | 2413200 | 410 |
| വിധവാപെൻഷൻ | 14502000 | 2558 |
| വാർദ്ധക്യകാല പെൻഷൻ | 19158000 | 3556 |
| വികലാംഗപെൻഷൻ | 3251900 | 600 |
| 50 വയസ്സിന് മുകളലുള്ള അവിവാഹിത കൾക്കുള്ള പെൻഷ ൻ | 1297800 | 239 |

### 1-9 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

നഗരസഭയുടെ ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിച്ച് റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി പാസാക്കുന്നുണ്ട്.

വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും പ്രതിഫലിപ്പിക്കുന്നുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധം 1 ആയി ചേർത്തിട്ടുള്ള ഓഡിറ്റ് സാക്ഷ്യ പത്രത്തിൽ പരാമർശിച്ചിട്ടുണ്ട്.

രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. മാനുവലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. നഗരസഭയുടെ എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. എല്ലാ ചെലവുകൾക്കും നോട്ട് ഫയൽ സൂക്ഷിക്കുകയും സെക്രട്ടറിയും ചെയർ പെർസനും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. സാംഖ്യ വൗച്ചർ ചെലവു രേഖകളോടൊപ്പം സൂക്ഷിക്കുന്നില്ല.

എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. ഡി.സി.ബി. രജിസ്റ്ററുകൾ എല്ലാ വിവരങ്ങളും ചേർത്ത് സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ നഗരസഭയ്ക്ക് ഓരോ ഇനത്തിലും ലഭിക്കേണ്ട തുകയുടെ കൃത്യത ഉറപ്പിക്കാനാവുന്നില്ല. അടുത്ത വർഷത്തേക്ക് അരിയർ ഡിമാന്റ് ആയി കൊണ്ടുപോവുന്ന തുകയുടെ കൃത്യതയും ഉറപ്പിക്കാനാവുന്നില്ല. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കാനാവാത്തത് നഗരസഭയ്ക്ക് ഉണ്ടാക്കുന്ന നഷ്ടം വളരെ വലുതാണ്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ജീവനക്കാരുടെ കുറവ് വിഘാതമാവുന്നുണ്ട്. ക്യാമ്പ് കലക്ഷൻ നടത്തുന്നുണ്ടെങ്കിലും AFS പ്രകാരം 31.3.20ൽ പിരിച്ചെടുക്കാനുള്ള വസ്തു നികുതി കുടിശിക 9664761 രൂപയാണ്. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്ത സാഹചര്യത്തിൽ വാടകയിനത്തിലെ കുടിശിക കൃത്യമായി കണക്കാക്കാനാവുന്നില്ല. ഹഡ്കോയിൽ നിന്നും കടമെടുത്ത് നിർമ്മിച്ച ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സിൽ 17 കടമുറികൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പൂർണ്ണമായും പാലിക്കുന്നില്ല. എല്ലാ വാങ്ങലുകളുടെയും ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾ, തീരുമാനങ്ങൾ, പർച്ചേസ് ഓർഡർ, ബില്ലുകൾ/ഇൻവോയ്സുകള്, പണം കൈമാറിയതിന്റെ വിവരം, സ്റ്റോക്ക് രജിസ്റ്ററുകൾ, സാധനസാമഗ്രികൾ വിതരണം ചെയ്തതിന്റെ/ സ്ഥാപിച്ചതിന്റെ വിവരം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആശുപത്രിയിലേക്കാവശ്യമായ ഉപകരണങ്ങളും മരുന്നുകളും വാങ്ങുമ്പോഴും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നില്ല. സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. കമ്പ്യൂട്ടറുകൾക്കും അനുബന്ധ സാമഗ്രികൾക്കും ആന്വൽ മെയിന്റനൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ഭരണസമിതി മീറ്റിങ്ങിന് Software ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ സകർമ്മ സോഫ്റ്റ്‌വേർ നഗരസഭ ഉപയോഗപ്പെടുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതും മിനുട്ട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമല്ല | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.8.18 - 13.9.18 | 2014-15 മുതൽ 2017-18 വരെ | 13.11.18 |

## 1-11 വസ്തുനികുതി രേഖകളുടെ പരിശോധനയിൻമേലുള്ള കണ്ടെത്തലുകൾ

2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, അസസ്സ്മെന്റ് രജിസ്റ്റർ, സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ എന്നിവയുടെ പരിശോധനയിൽമേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികകളായി ചേർത്തിരിക്കുന്നു.

### 1-11-1 നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം- നാളിതുവരെയും പൂർത്തിയായിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി

ചട്ടങ്ങൾ (സ.ഉ.(അ) നമ്പർ 100/2013/ തസ്വഭവ തിയതി 15.03.2013), സർക്കാർ ഉത്തരവ് (സാധാ) നം. 540/2019/ത.സ്വ.ഭ.വ തീയതി 06.03.19 എന്നിവ അനുസരിച്ച് ഒറ്റപ്പാലം നഗരസഭയിലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വസ്തുനികുതി നിർണ്ണയത്തിനായി ഒറ്റപ്പാലം നഗരസഭയെ 36 വാർഡുകളാക്കി വിഭജിച്ചിരിക്കുന്നു. നഗരസഭയുടെ 14.10.2011-ലെ ആർ1-5734/11 കത്ത് മുഖേന നികുതി നിരക്ക്, മേഖല എന്നിവ സംബന്ധിച്ച കരട് വിജ്ഞാപനവും ആർ1-5734/11/15.10.2016 പ്രകാരം പുതുക്കിയ നികുതിനിരക്ക് നിശ്ചയിച്ചുകൊണ്ടും നഗരസഭയുടെ വിവിധ പ്രദേശങ്ങളെ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മൂന്നുമേഖലകളായി തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. വിവരശേഖരണം, ഫോം 6 തയ്യാറാക്കൽ, ഡാറ്റാ എൻട്രി എന്നീ പ്രവർത്തികൾ നഗരസഭാ ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സേവനം ഉപയോഗിച്ച് 2013മുതൽക്കും ദിവസവേതനാടിസ്ഥാനത്തിലെ ജീവനക്കാരെയും കൂടെ ഉൾപ്പെടുത്തി 2017 മുതൽക്കും നടത്തിവരുന്നുണ്ടെങ്കിലും നികുതി പരിഷ്കരണം നാളിതുവരെയും പൂർത്തിയായിട്ടില്ല.

<u>വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ</u>

നഗരസഭാ ജീവനക്കാരെ സൂപ്പർവൈസർമാരായി നിയോഗിച്ച് കുടുംബശ്രീ പ്രവർത്തകരെക്കൊണ്ട് കെട്ടിടങ്ങൾക്ക് നമ്പർ പ്ലേറ്റുകൾ പതിപ്പിക്കുകയുണ്ടായി. എന്നാൽ പ്രവൃത്തിയിൽ ധാരാളം പിശകുകൾ സംഭവിച്ചതിനാൽ നഗരസഭാ ജീവനക്കാരെക്കൊണ്ടു തന്നെ അപാകതകൾ പരിഹരിക്കുവാൻ സെക്രട്ടറിയുടെ 28.06.13-ലെ ആർ1-5734/11 നമ്പർ നടപടിക്രമപ്രകാരം ഉത്തരവായിട്ടുള്ളതാണ്.

29.08.16-ലെ 17-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കെട്ടിടങ്ങളുടെ നികുതി നിർണ്ണയം മേൽപരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ 01.04.16 മുതൽ പ്രാവർത്തികമാക്കണമെന്ന് സെക്രട്ടറി റവന്യൂ ഇൻസ്പെക്ടർക്ക് കുറിപ്പ് നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ 28.10.16-ലെ ആർ1-5734/11 നമ്പർ ഉത്തരവുപ്രകാരം മുഴുവൻ ജീവനക്കാരെയും 36വാർഡുകളിൽ നിന്നുമുള്ള വിവരശേഖരണത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇത് നഗരസഭയുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ 10 പേരെ നിയമിക്കുന്നതിന് 25.08.17-ലെ ആർ1-5734/11 നമ്പർ കത്ത് പ്രകാരം അനുമതി ചോദിച്ചുകൊണ്ട് നഗരകാര്യ ഡയറക്ടർ, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് കത്ത് അയച്ചതിന് മറുപടി ലഭ്യമല്ലാത്തതിനാൽ തുടർ പ്രവർത്തനങ്ങൾ സാധിച്ചിട്ടില്ല എന്ന് 14.12.17ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറെ അറിയിച്ചിരിക്കുന്നു. 29.11.18-ലെ 5-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി പ്രതീക്ഷിച്ച് വിവരശേഖരണത്തിനായി 7പേരെയും ഡാറ്റാ എൻട്രിയ്ക്കായി ഒരാളെയും നിയമിച്ചിരിക്കുന്നു. ഇവരുടെ കാലാവധി 19.02.19-ൽ അവസാനിച്ചതിനാൽ വിവരശേഖരണം പൂർത്തിയാകാത്ത വാർഡുകളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനായി നഗരസഭാ ജീവനക്കാരെയും ഡാറ്റാ എൻട്രി നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകളേയും ഏൽപ്പിച്ചിരിക്കുന്നതായി 30.08.2019-ലെ ആർ1-5734/11 കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറെ അറിയിച്ചിരിക്കുന്നു.

ആർ1-5734/11/14.01.20 കത്തിൽ 36 വാർഡുകളിലെയും വിവരശേഖരണം പൂർത്തിയായതായി അറിയിച്ചിട്ടുണ്ടെങ്കിലും പലകെട്ടിടങ്ങളുടെയും തരം, വിസ്തീർണ്ണം, മേഖല എന്നിവ സംബന്ധിച്ച് സംശയം നിലനിൽക്കുന്നതിനാലും വിവരശേഖരണത്തിൽ കൃത്യത വരുത്തുന്നതിലേക്കും ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ സേവനം നിലവിലും ഉപയോഗിച്ചു വരുന്നു.

<u>ഡാറ്റാ എൻട്രിയുടെ പുരോഗതി</u>

| ഘട്ടം | ബേസ് ഡാറ്റാ പ്രകാരമുള്ള എണ്ണം | പുതിയ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| | (ARV) | |
| ഫോറം 6 തയ്യാറാക്കി കൃത്യത ഉറപ്പാക്കാത്തത് | 516 | 147 |
| ഫോറം 6 ന്റെ ഡാറ്റാ എൻട്രി ആരംഭിച്ചത് | 50 | 72 |
| നാളിതുവരെ അംഗീകരിച്ച ഫോറം 6 ന്റെ എണ്ണം | 23846 | 4579 |
| പരിശോധനാ ഘട്ടത്തിലുള്ളത് - റവന്യൂ ഇൻസ്പെക്ടർ/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ | 48 | 0 |
| അംഗീകരിക്കുവാനുള്ളത് - സെക്രട്ടറി | 0 | 5 |
| ആകെ | 24460 | 4803 |

സഞ്ചയയിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് 844കെട്ടിടങ്ങളുടെ ഡാറ്റഎൻട്രി വിവിധ ഘട്ടങ്ങളിലായി ശേഷിക്കുന്നു. നഗരസഭാ ജീവനക്കാരെ കൂടാതെ കുടുംബശ്രീ പ്രവർത്തകർ, ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർ എന്നിവരുടെയെല്ലാം സേവനം ഉപയോഗിച്ചിട്ടും നാളിതുവരെയും നികുതിപരിഷ്കരണം പൂർത്തിയാക്കുവാൻ കഴിയാത്തത് നിശ്ചിത കാലയളവിനുള്ളിൽ തീർക്കേണ്ട ജോലി സംബന്ധിച്ച് മേലധികാരികളുടെ കൃത്യമായ നിർദ്ദേശത്തിന്റെയും മേൽനോട്ടത്തിന്റെയും അഭാവമായി കരുതുന്നു. ചട്ടപ്രകാരമുള്ള നികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതിനാൽ കാലാകാലങ്ങളിൽ നികുതിയിനത്തിൽ ലഭിക്കേണ്ടതായ വർദ്ധനവ് നഗരസഭയ്ക്ക് ലഭിക്കാതെ പോകുന്നു. ആയതിനാൽ അടിയന്തിരമായി ഇക്കാര്യത്തിൽ നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. വിഷയം ഓഡിറ്റ് എൻക്വയറി 18/28.10.21 മുഖേന അറിയിച്ചതിന് മറുപടി ലഭ്യമാക്കിയില്ല.

നിലവിൽ സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ നടത്തുകയും വസ്തുനികുതി ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കുന്നതിനായി നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതും സത്വരനടപടികളിലൂടെ ഡാറ്റാഎൻട്രി പൂർത്തിയാക്കി വസ്തുനികുതി പരിഷ്കരണം നഗരസഭ പൂർത്തീകരിക്കേണ്ടതുമാണ്. നഗരസഭാ പരിധിയിൽ ഓരോ വർഷവും നികുതിനിർണ്ണയം നടത്തുന്ന പുതിയ കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ കൃത്യമാക്കേണ്ടതുമാണ്.

1-11-2 സഞ്ചയയിലെ വിവരങ്ങൾ കൃത്യമാക്കി നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ്.

A) അസസ്സ്മെന്റ് രജിസ്റ്റർ, സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

| പേര്, മേൽവിലാസം | കെട്ടിട നം | അസസ്സ്മെന്റ് രജിസ്റ്റർ, സഞ്ചയ എന്നിവയിലെ രേഖപ്പെടുത്തലുകൾ | റിമാർക്സ് |
|---|---|---|---|
| മുരളി.കെ, തെക്കേക്കാട്ടിൽ, പാലപ്പുറം | 17/137(4) | അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം<br>കെട്ടിടത്തിന്റെ വിസ്തീർണ്ണം -- 198.24ച.മീ,<br>ഉപയോഗക്രമം - വാണിജ്യം<br>വസ്തുനികുതി നിരക്ക് - 90രൂ<br>സഞ്ചയയിൽ<br>വിസ്തീർണ്ണം- 98.24ച.മീ<br>ഉപയോഗക്രമം- വാണിജ്യം<br>വസ്തുനികുതി നിരക്ക്- 70രൂ | അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ വിസ്തീർണ്ണത്തിൽ നിന്നും 100ച.മീ കുറവായാണ് സഞ്ചയയിലെ വിസ്തീർണ്ണം. അതുകൊണ്ടു തന്നെ കെട്ടിടം 100ച.മീ താഴെയുള്ള ഗണത്തിൽ വരുകയും നികുതി നിരക്കിൽ 20രൂ കുറവ് സംഭവിക്കുകയും ചെയ്തിരിക്കുന്നു. |
| കുട്ടപ്പനെഴുത്തച്ഛൻ, കാട്ടുമൂച്ചിക്കൽ, ഒറ്റപ്പാലം | 6/264(1) | അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം<br>മേഖല – പ്രാഥമികം<br>റോഡിന്റെ തരം - 3മീ വീതി<br>സഞ്ചയ പ്രകാരം<br>മേഖല - ദ്വിതീയം<br>റോഡിന്റെ തരം - 1.5 മീ | പ്രാഥമിക മേഖലയിൽ ഉൾപ്പെട്ട കെട്ടിടം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയതിനാൽ അനർഹമായി 10% ഇളവു നൽകേണ്ടിവന്നിരിക്കുന്നു. |
| മുരളീധരൻ കെ കാട്ടുമൂച്ചിക്കൽ, ഒറ്റപ്പാലം | 6/299 | അസസ്സ്മെന്റ് രജിസ്റ്ററിൽ<br>റോഡിന്റെ തരം - 5 മീ താഴെ<br>സഞ്ചയയിൽ<br>റോഡിന്റെ തരം - 5 മീ കൂടുതൽ | റോഡിന്റെ തരം സഞ്ചയയിൽ 5മീറ്ററിൽ കൂടുതൽ വീതിയുള്ളതായി കാണിച്ചിരിക്കുന്നതിനാൽ നികുതിയിൽ 10%-ന്റെ വർദ്ധനവ് |
| സുബൈദ ബാവ, കൊടക്കത്ത് | 26/90(1) | അസസ്സ്മെന്റ് രജിസ്റ്ററിൽ | സഞ്ചയയിൽ ദ്വിതീയമേഖലയിൽ |

| | | | |
|---|---|---|---|
| ഹൗസ്,<br>തെന്നടി ബസാർ,<br>ഒറ്റപ്പാലം. | | വിസ്തീർണ്ണം – 211.05 ച.മീ<br>മേഖല – പ്രൈമറി<br>റോഡ് – വിവേകാനന്ദ റോഡ്<br>സഞ്ചയയിൽ<br>വിസ്തീർണ്ണം – 211.05 ച.മീ<br>മേഖല – ദ്വിതീയം<br>റോഡ് –വിവേകാനന്ദ റോഡ് | ഉൾപ്പെടുത്തിയതിനാൽ നികുതിയിൽ അനർഹമായി 10% ഇളവ് നൽകേണ്ടി വന്നിരിക്കുന്നു. കൂടാതെ അസസ്സ്മെന്റ് രജിസ്റ്ററിൽ റോഡിന്റെ വീതി വ്യക്തമാക്കിയിട്ടില്ല. |

B) അസസ്സ്മെന്റ് രജിസ്റ്റർ, സഞ്ചയയിലെ വിവരങ്ങൾ, ഡി & ഒ ലൈസൻസ് വിവരങ്ങൾ എന്നിവ പ്രകാരം റംല അബൂബക്കർ, ജമീല കുഞ്ഞിമുഹമ്മദ് മുതൽപേർ, മണൽപറമ്പിൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള 25/973(18), 25/973 (22) –നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിലവിൽ ചെമ്മണ്ണൂർ ഇന്റർ നാഷണൽ ജ്വല്ലറി പ്രവർത്തിച്ചുവരുന്നു. എന്നാൽ സഞ്ചയപ്രകാരമുള്ള അസസ്സ്മെന്റിൽ കേന്ദ്രീകൃത എയർകണ്ടീഷനിങ്ങ് സംവിധാനം ഇല്ല എന്ന് രേഖപ്പെടുത്തുകയും അടിസ്ഥാന വസ്തുനികുതിയിൻമേലുള്ള വർദ്ധനവ് ഡിമാന്റ് ചെയ്യുകയും ചെയ്തിട്ടില്ല.

C) മേൽക്കൂര ഇല്ലാത്ത ടവറിന് മേൽക്കൂരയുടെ അടിസ്ഥാനത്തിൽ അനധികൃത ഇളവ് അനുവദിച്ചിരിക്കുന്നു. സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിടം നം | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | വിസ്തീർണ്ണം (ച.മീ) | സഞ്ചയ യിലെ നികുതി നിർണ്ണയം | യഥാർത്ഥ വസ്തുനികുതി | വസ്തുനികുതി യിലെ വ്യത്യാസം |
|---|---|---|---|---|---|
| 21/268 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 50 | അടിസ്ഥാന വസ്തുനികുതി= 50x500= 25000രൂ<br>മേൽക്കൂരയുടെ അടിസ്ഥാനത്തിൽ ഇളവ്-10% – 2500രൂ<br>വഴിസൗകര്യം അടിസ്ഥാനത്തിൽ വർദ്ധനവ് 20% –5000രൂ<br>BT + LC– 27500 +1375 | അടിസ്ഥാന വസ്തുനികുതി= 50x500= 25000രൂ<br>ഇളവ്- ഇല്ല<br>വഴിസൗകര്യം അടിസ്ഥാനത്തിൽ വർദ്ധനവ് 20% –5000രൂ<br>BT + LC– 30000 +1500<br>Total–31500 | 2625 |

| | | | | | |
|---|---|---|---|---|---|
| | | | Total-28875 | | |

മേൽക്കൂരയില്ലാത്ത മൊബൈൽടവറിന് മേൽക്കൂരയുടെ അടിസ്ഥാനത്തിൽ 10% ഇളവുനൽകിയതിനാൽ വസ്തുനികുതി നിർണ്ണയിച്ചതിൽ 2625രൂപയുടെ കുറവുവന്നിരിക്കുന്നു. ചട്ടപ്രകാരമല്ലാത്ത ഇളവ് അനുവദിച്ചതുമൂലം സംഭവിച്ചിട്ടുള്ള നഷ്ടം വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്ന വർഷം മുതൽ തുടർന്നുവരുന്നു.

ഓഡിറ്റ് നിർദ്ദേശം

1. മേൽപരാമർശിച്ച കെട്ടിടങ്ങൾ, മൊബൈൽ ടവർ എന്നിവയുടെ അസസ്സ്മെന്റ് ഫയലുകൾ പരിശോധിച്ച് വിസ്തീർണ്ണം, മേഖല, റോഡിന്റെ തരം, കേന്ദ്രീകൃത എയർകണ്ടീഷനിങ്ങ് സംവിധാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ കൃത്യമാക്കേണ്ടതും ആയതിന് അനുസരിച്ച് നികുതി നിർണ്ണയിച്ച് തുക ഈടാക്കേണ്ടതുമാണ്.

2. സഞ്ചയയിലെ ഡാറ്റാ എൻട്രികളുടെ പ്യൂരിഫിക്കേഷൻ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും തെറ്റായ വിവരങ്ങളുടെ രേഖപ്പെടുത്തലുകൾ മൂലം നഗരസഭയ്ക്കുണ്ടാവുന്ന നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-11-3 കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക് - വസ്തുനികുതി ഈടാക്കിയിട്ടില്ല

2016 ൽ പ്രവർത്തനം ആരംഭിച്ച കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലെ നഗരസഭാപരിധിയിലുള്ള കെട്ടിടങ്ങളിൽ നിന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 2011- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ അനുസരിച്ച് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച വിശദമായി പരാമർശിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 18/28.10.21-നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഇൻഡസ്ട്രിയൽ പാർക്കിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-11-4 സഞ്ചയയിൽ നികുതിനിരക്ക് നിശ്ചയിച്ചിട്ടില്ല

മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ എന്നിവയ്ക്ക് ബാധകമായ നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ.ഉ.(അ) നം 82/2019/ത.സ്വ.ഭ.വ തീയതി 18.11.2019 പ്രകാരം നഗരസഭ പരിധിയിലുള്ള MSME വ്യവസായ യൂണിററുകൾക്ക് ചുമത്താവുന്ന മിനിമം, മാക്സിമം വസ്തുനികുതി നിരക്കുകൾ യഥാക്രമം 30, 45 ആയി നിശ്ചയിച്ചിട്ടുണ്ട്. നഗരസഭാപരിധിയിലുള്ള MSME വ്യവസായ യൂണിററുകളുടെ വിവരങ്ങളും നികുതിനിരക്കും സഞ്ചയയിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നികുതിനിരക്ക് നിശ്ചയിക്കാത്തതിനാൽ തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കേണ്ടതുമാണ്.

## 1-11-5 മൊബൈൽടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയയിലെ നിലവിലെ ഡാറ്റാ എൻട്രി പ്രകാരം നഗരസഭാ പരിധിയിൽ 10 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. മൊബൈൽ ടവറുകളുടെ വിശദാംശങ്ങളും നികുതി കുടിശ്ശിക വിവരങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം നം | ഉടമയുടെ പേര് (സഞ്ചയയിൽ | കുടിശ്ശികയായ വർഷം | 2020-21 വരെയുള്ള നികുതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | ലഭ്യമായ വിവരം ) | | കുടിശ്ശിക |
| 1 | 4/282/1 | എ ബി എം ടവേഴ്സ് | 2009 അർദ്ധ വർഷം | 761213 |
| 2 | 8/114 | ഭാരതി എയർടെൽ | 2011 II-ാം അർദ്ധ വർഷം | 108017 |
| 3 | 15/91/B | ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ് | 2014 II-ാം അർദ്ധ വർഷം | 57634 |
| 4 | 21/268 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 2008 I ാം അർദ്ധ വർഷം | 425250 |
| 5 | 24/408/1 | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2014 I ാം അർദ്ധ വർഷം | 64422 |
| 6 | 25/1019 | ടവറിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല | 2016 I-ാം അർദ്ധ വർഷം | 7194 |
| 7 | 25/1020 | ഇൻഡസ് ടവർ | 2009 II ാം അർദ്ധ വർഷം | 775410 |
| 8 | 26/896 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 2015 II ാം അർദ്ധ വർഷം | 188736 |
| 9 | 34/394/1 | എയർടെൽ | 2009 I-ാം അർദ്ധ വർഷം | 872954 |
| 10 | 36/380/5 | വോഡഫോൺ | 2015 I-ാം അർദ്ധ വർഷം | 124224 |
| ആകെ | | | | 3385054 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സഞ്ചയിലെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ 2020-21 കാലയളവ് വരെ ആകെ 3385054 രൂ മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശികയായി ശേഷിക്കുന്നു. അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾ, ടവറുകളിൽ നിന്നുള്ള നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവയുടെ വിവരം

ഓഡിറ്റ് അന്വേഷണം നം 18/28.10.2021 മുഖേന നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ഒറ്റപ്പാലം നഗരസഭ പരിധിയിൽ 30 ഓളം ടവറുകൾ പ്രവർത്തിക്കുന്നതായി കെ എസ് ഇ ബി അറിയിച്ചിതായി പരാമർശിച്ചിട്ടുണ്ട്. ടവറുകളുടെ വസ്തുനികുതി, കടിശ്ശിക സഹിതം ഈടാക്കുന്നതിനും നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 നഗരസഭയിലെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ, സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

അത്തരത്തിൽ നിയമ വ്യവസ്ഥ പാലിച്ചുകൊണ്ടും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ പ്രകാരവും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽനികുതി രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്റർ 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരമുള്ള നിശ്ചിത മാതൃകയിൽ അല്ല സൂക്ഷിക്കുന്നത്. സ്ഥാപനത്തിന്റെ പേരും രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയ തുക എന്നിവയും മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ആയതിനാൽ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. മാത്രമല്ല, ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവയുടെ വാർഷിക സംക്ഷിപ്തം എന്നിവ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പരിശോധനയിലെ നിരീക്ഷണങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

## 1-12(1) ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ഗോകുലം ചിട്ട്സ് & ഫിനാൻസ് കോ. (P) ലിമിറ്റഡ് | II |
| റോയൽ ഹൈപ്പർ മാർക്കറ്റ് | I & II |
| ചോയ്സ് ഹൈപ്പർ മാർക്കറ്റ് | I & II |
| കുമാർ ബുക്ക്സ് | I & II |
| സി എം സ്റ്റോർ | I & II |
| D D R C SRL ഡയഗണോസ്റ്റിക്സ് | I & II |
| നിള ബേക്ക് ഹൗസ് | I & II |
| നിള കാറ്ററിംഗ് | I & II |
| നിള റസ്റ്റോറന്റ് | I & II |
| ബ്രദേഴ്സ് സാരീസ് & മാച്ചിംഗ് കളക്ഷൻ | I & II |
| കെൽകോ റസിഡൻസി | I & II |
| പെരുമാൾ ട്രേഡിംഗ് കമ്പനി | I & II |

2) 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ കാലയളവിൽ പ്രവൃത്തി ചെയ്തുവരുന്ന കരാറുകാർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതായ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

3) 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ആധാരമെഴുത്തുകാർ തൊഴിൽനികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഒറ്റപ്പാലം സബ് രജിസ്ട്രാർ /പാലക്കാട് ജില്ലാ രജിസ്ട്രാറിൽ നിന്നും ഒറ്റപ്പാലം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാരുടെ പട്ടികയും, ഒറ്റപ്പാലം സബ് ട്രെഷറി ഓഫീസിൽ നിന്നും സ്റ്റാമ്പ് വെണ്ടർമാരുടെ പട്ടികയും ലഭ്യമാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4) നഗരസഭാപരിധിയിലുള്ള പൊതുവിതരണ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. പൊതുവിതരണ കേന്ദ്രങ്ങളുടെ വാർഡു തിരിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5) കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലെ നഗരസഭാപരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
മേൽവിവരങ്ങൾ ഓഡിറ്റ് അന്വേഷണം30/29.10.21 മുഖേന അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാർ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനായ അടിയന്തിരനടപടികൾ കൈക്കൊണ്ട് തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-12-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

മുനിസിപ്പൽ പ്രദേശത്ത് ബിസിനസ് നടത്തുകയോ അല്ലെങ്കിൽ മുനിസിപ്പൽ പ്രദേശത്തിന്റെ വെളിയിൽ ബിസിനസ് നടത്തുകയും എന്നാൽ അതിന്റെ മുഖ്യ ഓഫീസോ അതിന്റെ ബിസിനസ് എവിടെ നിന്നും നിയന്ത്രിക്കപ്പെടുന്നുവോ ആ സ്ഥലമോ ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ആയിരിക്കുകയും ചെയ്യുന്നതായ ഏതൊരു കമ്പനിയും തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. അത്തരത്തിൽ നിയമ വ്യവസ്ഥ പാലിച്ചുകൊണ്ടും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ പ്രകാരവും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ശ്രീ രാമകൃഷ്ണ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | I |
| അറയ്ക്കൽ ഫ്യൂവൽസ് | I & II |
| കാനറാ ബാങ്ക്, ഒറ്റപ്പാലം | I |
| ഒറ്റപ്പാലം സർവീസ് സഹകരണ ബാങ്ക് | I & II |
| ന്യൂ ഇന്ത്യ അഷ്യൂറൻസ് ലിമിറ്റഡ് | I & II |
| മുത്തൂറ്റ് സെക്യൂരിറ്റീസ് | I & II |

| | |
|---|---|
| ലിമിറ്റഡ് | |
| കവിത ഗോൾഡ് & ഡയമണ്ട്സ്, ഒറ്റപ്പാലം | I |
| കല്യാൺ ജ്വല്ലേഴ്സ് ഇന്ത്യ ലിമിറ്റഡ് | I |
| മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, ഒറ്റപ്പാലം | I |
| മിനി മുത്തൂറ്റ് നിധി (കെ) ലിമിറ്റഡ് | I |
| സ്റ്റീൽ ഇംപക്സ് | I |
| മൈ ജി സെന്റർ | I |
| അക്ബർ ട്രാവൽസ് ഓഫ് ഇന്ത്യ | I & II |
| സപ്ലൈ കോ താലൂക്ക് ഡിപ്പോ, ഒറ്റപ്പാലം | I & II |
| സൂരജ് ഫീഡ്സ് | I |
| ഒറ്റപ്പാലം സർവീസ് സഹകരണ ബാങ്ക്, കണ്ണിയമ്പുറം ബ്രാഞ്ച് | I |
| ക്രെഡിറ്റ് ആക്സസ് ഗ്രാമീൺ ലിമിറ്റഡ് (ഫിനാൻഷ്യൽ സർവീസ്) | I & II |
| ഒറ്റപ്പാലം സർവീസ് സഹകരണ ബാങ്ക് ബ്രാഞ്ച് വറോഡ് | I & II |
| ബാങ്ക് ഓഫ് ബറോഡ | I & II |
| ഫെഡറൽ ബാങ്ക് ലിമിറ്റഡ് ഒറ്റപ്പാലം ബ്രാഞ്ച് | I & II |
| സിൻഡിക്കേറ്റ് ബാങ്ക്, ഒറ്റപ്പാലം | I |
| കാത്തോലിക്ക് സിറിയൻ ബാങ്ക് | I |
| പാലക്കാട് ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക്, ഒറ്റപ്പാലം ഈവനിംഗ് ബ്രാഞ്ച് | I |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് | I & II |
| കൊട്ടാരം ഹോട്ടൽസ് | I |
| എസ് ബി ഐ, പേഴ്സണൽ ബാങ്കിംഗ് ബ്രാഞ്ച്, ഒറ്റപ്പാലം | I & II |
| ഒറ്റപ്പാലം കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി | I & II |

| | |
|---|---|
| താജ് റെഡിവെയഴ്സ് | I & II |
| ഒറ്റപ്പാലം സർവീസ് സഹകരണ ബാങ്ക്, ഈസ്റ്റ് ഒറ്റപ്പാലം ബ്രാഞ്ച് | I |
| ശ്രീ നാരായണ ഫാർമസ്യൂട്ടിക്കൽസ് | I |
| മുതലി അസ്സോസിയേറ്റ്സ് | I |
| ഐ സി ഐ സി ഐ ഒറ്റപ്പാലം ബ്രാഞ്ച് | I & II |
| പഞ്ചാബ് നാഷണൽ ബാങ്ക്, ഒറ്റപ്പാലം ബ്രാഞ്ച് | I & II |
| നബ്ഫിൻസ് ലിമിറ്റഡ് | II |
| എച്ച് ഡി എഫ് സി ബാങ്ക്, ഒറ്റപ്പാലം | II |
| കാനറാ ബാങ്ക്, ഒറ്റപ്പാലം | II |
| എ എം മോട്ടോഴ്സ്, ഒറ്റപ്പാലം | II |
| ആക്സിസ് ബാങ്ക്, ഈസ്റ്റ് ഒറ്റപ്പാലം | II |
| ഇസാഫ് സ്മാൾ ഫിനാൻസ് ബാങ്ക് | I & II |
| ഒറ്റപ്പാലം പ്രൈമറി കോ ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ & റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക് | I & II |
| എലൈറ്റ് ജ്വല്ലറി | I & II |
| സിൻഡിക്കേറ്റ് ബാങ്ക്, ഒറ്റപ്പാലം | II |
| സ്റ്റാർ ഹെൽത്ത് & അലൈഡ് ഇൻഷൂറൻസ് ലിമിറ്റഡ് | II |
| നന്ദനം ടൈൽ & സാനിട്ടറി | II |
| ഇൻഡസ് മോട്ടോർ കമ്പനി (P) ലിമിറ്റഡ് | II |
| ബാങ്ക് ഓഫ് ഇന്ത്യ | I & II |
| നന്തിലത്ത് ഇലക്ട്രോണിക്സ് | II |
| ഗോകുലം ചിട്ട്സ് & ഫിനാൻസ് കോ (P) ലിമിറ്റഡ് | I & II |
| വസന്ത പെട്രോളിയം | I & II |
| ഗ്രാന്റ് മോട്ടോഴ്സ് | I & II |
| ഷെയർ മൈക്രോ ഫിനാൻസ് ലിമിറ്റഡ് | I & II |

| | |
|---|---|
| D D R C SRL ഡയഗണോസ്റ്റിക്സ് | I & II |
| നിള ബേക്ക് ഹൗസ് | I & II |
| നിള കാറ്ററിംഗ് | I & II |
| നിള റസ്റ്റോറന്റ് | I & II |
| ബ്രദേഴ്സ് സാരീസ് & മാച്ചിംഗ് കളക്ഷൻ | I & II |
| കെൽകോ റസിഡൻസി | I & II |
| പെരുമാൾ ട്രേഡിംഗ് കമ്പനി | I & II |

2) നഗരസഭാപരിധിയിലുള്ള പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. പൊതുവിതരണ കേന്ദ്രങ്ങളുടെ വാർഡു തിരിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3) കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലെ നഗരസഭാപരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽവിവരങ്ങൾ ഓഡിറ്റ് അന്വേഷണം 30/29.10.21 മുഖേന അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നഗരസഭാപരിധിയിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് സ്ഥാപനരജിസ്റ്റർ കാലികമാക്കേണ്ടതും ചട്ടപ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനായ അടിയന്തിര നടപടികൾ കൈക്കൊണ്ട് തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 നഗരസഭയിലുള്ള എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരം ലൈസൻസ് നേടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്

30.10.2020-ലെ സ.ഉ (പി) നമ്പർ 62/2020/തസ്വഭവ പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനമനുസരിച്ച് 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 2020-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതിചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. നഗരസഭയിലുള്ള വ്യവസായം, ഫാക്ടറികൾ മറ്റു വ്യാപാരങ്ങൾ ,സംരംഭങ്ങൾ ,സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ പാരാമെഡിയ്ക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മേൽചട്ട പ്രകാരം ലൈസൻസ് എടുക്കുന്നതിനുള്ള രജിസ്റ്ററുകളും ലൈസൻസിനുള്ള അപേക്ഷകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2019-20 വർഷത്തിൽ ഒറ്റപ്പാലം നഗരസഭയിൽ 28 വാർഡുകളിലുമായി 270 പുതിയ വാണിജ്യ കെട്ടിടങ്ങളും , 3958പഴയ വാണിജ്യ കെട്ടിടങ്ങളുമുണ്ട്. കൂടാതെ 249 വ്യവസായ കെട്ടിടങ്ങളുമുണ്ട്. എന്നാൽ ലൈസൻസ് എടുക്കുവാൻ വരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളും നിർത്തലാക്കാൻ അപേക്ഷ തരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. അനുബന്ധ രജിസ്റ്റർ പരിശോധിച്ചതിൽ 3958 ലൈസൻസ് ബാധകമായ കെട്ടിടങ്ങളിൽ 1764 പഴയ വാണിജ്യ കെട്ടിടങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഫീൽഡ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പഴയ വാണിജ്യ കെട്ടിടങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നുണ്ട് എന്നും വ്യക്തമാണ്.

രജിസ്റ്റർ പ്രകാരമുള്ള കണക്ക്

| | Ward | Old Nos | New |
|---|---|---|---|
| 1 | 1 | 77 | 14 |
| 2 | 2 | 37 | 5 |
| 3 | 3 | 6 | 1 |
| 4 | 4 | 19 | 4 |
| 5 | 5 | 21 | 0 |
| 6 | 6 | 11 | 2 |
| 7 | 7 | 100 | 0 |
| 8 | 8 | 508 | 70 |
| 9 | 9 | 102 | 13 |
| 10 | 10 | 48 | 7 |
| 11 | 11 | 73 | 16 |
| 12 | 12 | 85 | 22 |
| 13 | 13 | 14 | 3 |
| 14 | 14 | 10 | 6 |
| 15 | 15 | 44 | 13 |
| 16 | 16 | 17 | 2 |
| 17 | 17 | 36 | 5 |
| 18 | 18 | 12 | 1 |
| 19 | 19 | 23 | 1 |
| 20 | 20 | 31 | 7 |
| 21 | 21 | 30 | 5 |
| 22 | 22 | 42 | 12 |
| 23 | 23 | 174 | 11 |
| 24 | 24 | 66 | 5 |
| 25 | 25 | 60 | 23 |
| 26 | 26 | 44 | 4 |
| 27 | 27 | 53 | 4 |
| 28 | 28 | 21 | 2 |
| | | 1764 | 258 |

വാർഷിക കണക്കുകൾ B-15 SCHEDULE പ്രകാരം ഈ ഇനത്തിൽ(36545+499155) = 5,35,700/-രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. രജിസ്റ്ററിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.ആയതിനാൽ കൃത്യമായി പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക എത്രയെന്ന് നിജപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം-34/29-10-2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം

1) നഗരസഭയിലെ എല്ലാ വ്യവസായം, ഫാക്ടറികൾ മറ്റ വ്യാപാരങ്ങൾ ,സംരംഭങ്ങൾ ,സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് ഫീൽഡ് ഉദ്യോഗസ്ഥന്മാർ ഉറപ്പുവരുത്തേണ്ടതാണ്.

2) ഗസറ്റ് വിജ്ഞാപനം നം.25890/ലെഗ്.സി.3/നിയമം തിയതി, 7.4.2018 പ്രകാരം ഡി & ഒ ലൈസൻസ് എന്ന പേരിന് വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും സേവനങ്ങളും എന്ന് മാറ്റം വരുത്തിയിട്ടുണ്ട്.ആയതിനാൽ ലൈസൻസിനായുള്ള അപേക്ഷകളിൽ മേൽ ഉത്തരവ് പ്രകാരമുള്ള ഭേദഗതി വരുത്തേണ്ടതാണ്.

3) 30.10.2020-ലെ സ.ഉ (പി) നമ്പർ 62/2020/തസ്വഭവ പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനമനുസരിച്ച് 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 2020-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതിചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപത്തിനെ അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്.

## 1-14 ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക - നിരീക്ഷണങ്ങൾ

2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, ലഭ്യമായ ഫയലുകൾ, വാടക എഗ്രിമെന്റുകൾ എന്നിവയുടെ പരിശോധനയിൽമേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികകളായി ചേർത്തിരിക്കുന്നു.

## 1-14(1) ബൈലോ - സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 571, 572 എന്നിവയിൽ അനുശാസിക്കും പ്രകാരം ബൈലോ പ്രസിദ്ധീകരിച്ച്, സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭയിലെ ബസ് സ്റ്റാന്റ് കോംപ്ലക്സ്, മിനി ഷോംപ്പിംഗ് സെന്റർ, മിനി ഷോംപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്കായി ബൈലോ തയ്യാറാക്കിയിട്ടില്ല. മാർക്കറ്റ് കോംപ്ലക്സിന് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ബൈലോ അംഗീകൃതമാക്കുന്നതിനുള്ള യാതൊരു തുടർനടപടിയും നടന്നിട്ടില്ല. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 572 പ്രകാരം ഏതെങ്കിലും ബൈലോയോ, റഗുലേഷനോ അവയുടെ റദ്ദാക്കലോ വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. കാലാനുസൃതമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ അധികൃതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (34/29.10.21) മറുപടി ലഭ്യമാക്കിയില്ല.

## 1-14(2) കരാർ ചമച്ചിട്ടില്ല

നഗരസഭയിലെ ബസ് സ്റ്റാന്റ് കോംപ്ലക്സ്, മിനി ഷോംപ്പിംഗ് സെന്റർ, മിനി ഷോംപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് കോംപ്ലക്സ് എന്നീ നാലു കോപ്ലക്സുകളിലായി 90 കടമുറികൾ വാടകയ്ക്കു നൽകിയിട്ടുണ്ടെങ്കിലും കൈവശക്കാരുമായി ചമച്ച 55 വാടകകരാറുകൾ മാത്രമാണ് പരിശോധനയ്ക്കു ലഭ്യമായത്. കൃത്യമായ കരാർ ഉടമ്പടികൾ ഇല്ലാതെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് ശരിയായ നടപടിയല്ല. 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ഫാറം III ബിയിലെ മാതൃക പ്രകാരം കരാർ കാലാവധി ആരംഭിക്കുമ്പോൾ തന്നെ വാടകകരാറുകൾ ചമക്കേണ്ടതും വാടകക്കാരുമായി ഉണ്ടായേക്കാവുന്ന വ്യവഹാരങ്ങളിൽ നിയമപരിരക്ഷ ഉറപ്പുവരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് (34/29.10.21) മറുപടി ലഭ്യമാക്കിയില്ല.

### 1-14(3) വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

വാർഷികകണക്കിലെ ബി-15 ഷെഡ്യൂൾ പ്രകാരം 1127969 രൂപ വാടക കുടിശ്ശികയുണ്ട്. ഡിമാന്റ് രജിസ്റ്ററിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ കുടിശ്ശിക സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ ഷോപ്പിംഗ് കോംപ്ലക്സുകളിലെയും കടമുറികളുടെ എണ്ണം, ഒഴിഞ്ഞ കിടക്കുന്നവ, വാടക വർദ്ധനവ്, വർദ്ധനവ് വരുത്തിയ മാസം തുടങ്ങിയവയുടെ വ്യക്തമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം പല വാടകക്കാരും വാടക പൂർണ്ണമായി ഒടുക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് | കടമുറി | കൈവശക്കാരന്റെ പേരും മേൽവിലാസവും | കുടിശ്ശിക കാലയളവ് |
|---|---|---|---|
| മിനി ഷോപ്പിംഗ് കോംപ്ലക്സ് | 23/409 | വി എം റുക്കിയ, താജ് റെഡിമെയ്ഡ്സ് | 12/19-03/20 |
| | 23/401 | വി എം റുക്കിയ, താജ് റെഡിമെയ്ഡ്സ് | 12/19-03/20 |
| | 23/409 ബി | എം വി അബൂബക്കർ ഡ്രസ് മെററീരിയൽസ് | 03/20 |
| | 23/431 | പി കെ നബീസകുട്ടി | 11/19 - 03/20 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (34/29.10.21) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ വാടക കുടിശ്ശിക തീർക്കാതെ തന്നെ 2020-21 വർഷവും കുടിശ്ശികക്കാർ വാടകക്കാരായി കടമുറികൾ ഉപയോഗിച്ച വരുന്നുമുണ്ട്. വാടകക്കാർ ഒടുക്കുന്ന ഡെപ്പോസിറ്റിന്റെ കൃത്യമായ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിലോ വാടക ഡിമാന്റ് രജിസ്റ്ററിലോ ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് തുകകളുടെ വരവ്, തിരികെ നൽകൽ എന്നിവയുടെ വിവരം കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിൽ വാടകയിനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കൃത്യമായി രേഖപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊണ്ട് വിവരം അറിയിക്കേണ്ടതുമാണ്.

### 1-14(4) ഭീമമായ ലോൺതുക എടുത്ത് നിർമ്മിച്ച കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു

നഗരസഭയുടെ വിവിധ കോംപ്ലക്സുകളിലായി ഒഴിഞ്ഞുകിടക്കുന്ന കടമുറികളുടെ വിവരം താഴെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് | ആകെ മുറികളുടെ എണ്ണം | | | | ഒഴിഞ്ഞു കിടക്കുന്നവ | | | |
|---|---|---|---|---|---|---|---|---|
| | ബേസ് ഫ്ലോർ | ഗ്രൗണ്ട് ഫ്ലോർ | ഫസ്റ്റ് ഫ്ലോർ | ആകെ | ബേസ് ഫ്ലോർ | ഗ്രൗണ്ട് ഫ്ലോർ | ഫസ്റ്റ് ഫ്ലോർ | ആകെ |
| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 12 | 12 | 12 | 36 | 8 | 6 | 6 | 20 |
| ന്യൂ ബസ് സ്റ്റാൻഡ് | - | 55 | 57 | 112 | - | 29 | 57 | 86 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | | | | | | | | |

HUDCO, KURDFC എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ ലോൺ തുക ഉപയോഗിച്ചാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിരിക്കുന്നത് .

മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്

മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധനിലകളിലായുള്ള 36 കടമുറികളിൽ 20 എണ്ണവും ഒഴിഞ്ഞുകിടക്കുന്നു. മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണത്തിനായി 2011-2012 വർഷത്തിൽ നഗരസഭ 434 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. വായ്പാ തിരിച്ചടവിന്റെ വാർഷിക ഗഡു 44 ലക്ഷം രൂപയാണ്. ഇതിൽ 13.02 ലക്ഷം രൂപ പലിശയാണ്. ബൈലോ പ്രകാരം ബേസ്മെന്റിൽ ഏറ്റവും കുറഞ്ഞ ഡെപ്പോസിറ്റ് തുക 15 ലക്ഷം രൂപയും ഗ്രൗണ്ട് ഫ്ലോറിൽ 12 ലക്ഷം രൂപയും ഒന്നാം നിലയിൽ 10 ലക്ഷം രൂപയുമാണ്. മാർക്കറ്റ് കോംപ്ലക്സിലെ മുറികളുടെ വാടകയും ഡെപ്പോസിറ്റ് തുകയും ഉപയോഗിച്ചാണ് വായ്പാതിരിച്ചടവ് നടത്തുന്നത്. വാടക, ഡെപ്പോസിറ്റ് ഇനങ്ങളിൽ ലഭ്യമാകുന്ന തുക എസ് ബി ഐ- യുടെ ഒറ്റപ്പാലം ശാഖയിലെ 67177703639 -നമ്പറില്ലുള്ള എസ്ക്രോ അക്കൗണ്ടിൽ ഒടുക്കിവരുന്നു. എന്നാൽ ഇപ്രകാരം ലഭിക്കുന്ന തുക വായ്പതിരിച്ചടവിന് തികയാതെ വരുന്നതിനാൽ തനത് ഫണ്ടിൽ നിന്നുമാണ് തിരിച്ചടവിനുള്ള തുക കണ്ടെത്തുന്നത്. യഥാസമയം തിരിച്ചടവ് നടത്താൻ കഴിയാത്തതിനാൽ 3% പിഴപലിശയും ഒടുക്കേണ്ടിവരുന്നുണ്ട്.

2019-20 ലെ വായ്പ തിരിച്ചടവ് വിവരം താഴെ നൽകും പ്രകാരമാണ്.

| ചെക്ക് നം/തീയതി | തുക |
|---|---|
| 295803/28.05.19 (SBI EscrowA/c) | 317415 |
| 295804/22.08.19 (തനത് ഫണ്ട്) | 352524 |
| 332089/30.09.19 (തനത് ഫണ്ട്) | 1100000 |
| 578133 /25.11.19 (തനത് ഫണ്ട്) | 327952 |
| 771171 /28.01.20 (തനത് ഫണ്ട്) | 1600000 |
| 771217 / 24.02.20 (തനത് ഫണ്ട്) | 1000000 |
| 771220 / 29.02.20 (തനത് ഫണ്ട്) | 1006000 |
| ആകെ | 5703891 |

SBI EscrowA/c അക്കൗണ്ടിൽ 19-20 സാമ്പത്തിക വർഷത്തിൽ കോപ്ലക്സിലെ കെട്ടിടങ്ങളിൽ നിന്നും വാടകയിനത്തിൽ ക്രെഡിറ്റ് ആയ തുക 536180രൂപയാണ്. ഫയൽ, ലോൺ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വായ്പയിനത്തിൽ 2019-20-ൽ തിരിച്ചടച്ച തുക 5703891രൂപയാണ്. അതായത് ലോൺ തിരിച്ചടവിനായി (5167711രൂ) 90% തുകയും തനതുഫണ്ടിൽ നിന്നുമാണ് ഉപയോഗിച്ചിരിക്കുന്നത്. തനതുവരുമാനത്തിൽ നിന്നും വായ്പാതുക അടവാക്കുന്നത് സാമ്പത്തിക ഭദ്രതയെ പ്രതികൂലമായി ബാധിക്കുന്നു. എല്ലാ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വാടക വരുമാനം വർദ്ധിപ്പിക്കേണ്ടതും വായ്പാതിരിച്ചടവ് കോംപ്ലക്സിന്റെ വാടകയിൽ നിന്ന് തന്നെ കണ്ടെത്തേണ്ടതുമാണ്. നിലവിൽ കടമുറികൾ ലേലത്തിൽ എറ്റെടുക്കുവാൻ ആളുകൾ വരാത്തതിനുള്ള യഥാർത്ഥ കാരണം കണ്ടുപിടിച്ച് പരിഹരിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി –37/22.3.20 ന് മറുപടി ലഭ്യമായില്ല)

ന്യൂ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ്

കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പ എടുത്ത് നിർമ്മാണം പൂർത്തീകരിച്ച ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിൽ 112 കടമുറികളുണ്ടെങ്കിലും ഇവയിൽ 99എണ്ണവും ഒഴിഞ്ഞുകിടക്കുന്നു. സെപ്റ്റംബർ 2014-ൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്നും എട്ട് വർഷത്തിനുള്ളിൽ ക്വാർട്ടേർലി ഇൻസ്റ്റാൾമെന്റുകളായി വായ്പതുക തിരിച്ചടക്കേണ്ടതാണെന്നുമുള്ള

നിബന്ധനകളോടെ കെ.യു.ആർ.ഡി.എഫ്.സി (09.04.13-ലെ KURDFC/ULB/356/2012 നം കത്ത്) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി 12% പലിശനിരക്കിൽ 12,83,40,000രൂ വായ്പ അനുവദിച്ചിരിക്കുന്നു. എന്നാൽ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും താഴെപ്പറയും പ്രകാരം തുക ലഭ്യമായതായി ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| തീയതി | തുക |
|---|---|
| 06.06.13 | 51000000 |
| 10.06.13 | 2700000 |
| 02.07.13 | 24907000 |
| 12.02.14 | 16427877 |
| 26.05.14 | 11000000 |
| 22.04.16 | 7236680 |
| 31.03.18 | 15858631 |
| 07.01.19 | 2226682 |
| ആകെ | 131356870 |

പലതവണകളായി ലോണിനത്തിൽ ഡ്യൂ ആയ തുക കൂടെ ചേർത്ത് ലോൺ തുക പുതുക്കിയതിനാൽ KURDFC- ൽ നിന്നും ലഭ്യമായ ലോൺ 131356870രൂപയാണ് എന്നാണ് ലോൺ രജിസ്റ്റർ, ബാങ്ക് ബുക്ക് എന്നിവയിൽ നിന്നും ലഭ്യമായ വിവരം.

2019-20 – ലെ ലോൺ തിരിച്ചടവ് താഴെചേർക്കും പ്രകാരമാണ്.

| ചെക്ക് നം/തീയതി | തുക |
|---|---|
| 903903/24.05.19 | 10000000 |
| 903904/16.07.19 | 5000000 |
| 903905/24.05.19 | 6900000 |
| 903906/24.05.19 | 4500000 |
| ആകെ | 26400000 |

വായ്പാതുക ക്വാർട്ടേർലി ഇൻസ്റ്റാൾമെന്റുകളായി തിരിച്ചടവാക്കണമെന്നാണ് നിബന്ധനയെങ്കിലും 19-20-ലെ ലോൺ തിരിച്ചടച്ചതിന്റെ രേഖകൾ പ്രകാരം ഈ നിബന്ധന പാലിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. കൂടാതെ തിരിച്ചടച്ചതിൽ മുതൽ, പലിശ, യഥാസമയം ഇൻസ്റ്റാൾമെന്റ് തുക അടക്കാത്തതിനാലുള്ള പിഴപ്പലിശ എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമായില്ല.

KURDFC-ൽ നിന്നുമുള്ള കത്തുകൾ പ്രകാരം 03/20, 09/21 മാസങ്ങളിലെ തിരിച്ചടക്കേണ്ട ഗഡു, പലിശ, യഥാസമയം ഗഡുക്കൾ തിരിച്ചടക്കാത്തതിനാൽ മുൻഗഡുക്കളിലെ വായ്പാ ബാക്കി എന്നീ ഇനങ്ങളിൽ ഡ്യൂ ആയ തുകകളുടെ വിശദാംശം താഴെചേർക്കുന്നു.

| | കത്ത് നം | തീയതി | ഇൻസ്റ്റാൾമെന്റ് | പലിശ | ആകെ | മുൻവായ്പാ ബാക്കിയുൾപ്പെടെയുള്ള തുക |
|---|---|---|---|---|---|---|
| 19-20-ലെ നാലാം ഗഡു | KURDFC/ULB /Demend /19-20 | 17.03.20 | 5375010 | 2135306 | 7510316 | 138757164 |
| 21-22- | KURDFC/ULB | 09.09.21 | 5375010 | 1228486 | 6603496 | 210303569 |

| | | | | | | |
|---|---|---|---|---|---|---|
| ലെ രണ്ടാം ഗഡു | /Demend /19-20 | | | | | |

19-20-ൽ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക, ഡെപ്പോസിറ്റ് എന്നിവയിൽ നിന്നും ലഭ്യമായ തുകയാണ് തിരിച്ചടവിനായി (26400000) ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ലോൺ തിരിച്ചടവ് യഥാസമയം ആരംഭിക്കാൻ കഴിയാത്തതിനാലും യഥാർത്ഥ ഇൻസ്റ്റാൾമെന്റ് തുക തിരിച്ചടക്കാത്തതിനാലും ഓരോ വർഷവും ഭീമമായ തുക കുടിശ്ശികയാവുകയും ഇത് നഗരസഭക്ക് വൻബാധ്യതയായി മാറുകയും ചെയ്തിട്ടുണ്ട്. 19-20 സാമ്പത്തിക വർഷത്തിൽ 131246848രൂ വായ്പായിനത്തിൽ ഡ്യൂ ആയ മുൻബാക്കിയുണ്ടായിരുന്നത് 21-22 സെപ്റ്റംബറിൽ 203700073രൂ ആയി വർദ്ധിച്ചിരിക്കുന്നു. 112 കടമുറികളിൽ 17 കടമുറികൾ ലേലം കൊണ്ടവരിൽ മുറികളുടെ പ്രവൃത്തി പൂർണ്ണമായും കഴിയാത്തതിനാൽ (നിലം പണി, ഹാളിലെ കടമുറികളായി ഭാഗിക്കൽ തുടങ്ങിയവ) 13 പേർ മാത്രമാണ് വാടക നൽകി കടമുറികൾ ഉപയോഗിച്ചു തുടങ്ങിയത്.

വൻതുക ലോണെടുത്ത് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിലെ 11% കടമുറികൾ മാത്രമാണ് ലേലത്തിൽ പോയിരിക്കുന്നത്. ഭൂരിഭാഗം കടമുറികളും ഒഴിഞ്ഞുകിടക്കുന്നതിനുള്ള കാരണം കണ്ടെത്തേണ്ടതും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി വായ്പയെടുത്ത് നിർമ്മിച്ച കെട്ടിടങ്ങൾ നഗരസഭയുടെ സാമ്പത്തിക ബാധ്യതയായിമാറാതിരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതിലേക്ക് സെക്രട്ടറി, കൗൺസിൽ എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-15 അനധികൃത നിർമ്മാണങ്ങളിൽ തുടർ പരിശോധന നടത്തുന്നില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിൽ 105 കെട്ടിടങ്ങൾ പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം റെഗുലറൈസേഷൻ നടത്തിയതായി ബോധ്യപ്പെട്ടു. മുൻസിപ്പൽ സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും നഗരസഭയിൽ പ്രദേശത്ത് നടക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ നഗരസഭയിൽ പരിധിയിൽ യാതൊരു നിർമ്മാണ പ്രവർത്തികളും നടത്താൻ പാടില്ലെന്ന് കേരള മുൻസിപ്പാലിറ്റി നിയമം/ ചട്ടങ്ങൾ, കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ഇത്തരം അനധികൃത നിർമ്മാണങ്ങളിൽ കെട്ടിട നമ്പർ ആവശ്യമായി വരുന്നവ മാത്രം [പുതിയ നിർമ്മാണങ്ങൾ] നിയമാനുസൃതം അപേക്ഷ നൽകി ക്രമവൽക്കരിക്കപ്പെടുന്നത്.എന്നാൽ റഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപറയുന്ന കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതായി കാണുന്നില്ല.

| ക്രമനം | അപേക്ഷകന്റെ പേര്-വിലാസം | കെട്ടിടത്തിന്റെ തരം | മറ്റു വിശദാംശങ്ങൾ |
|---|---|---|---|
| 1 | സതിദേവി .പി പള്ളിയാലിൽ പാലപുറം, ഒറ്റപ്പാലം | പാർപ്പിടം | 97/3 |
| 2 | ചന്ദ്രൻ. പി വയ്ക്കപാടം,പാലപുറം, ഒറ്റപ്പാലം | സ്റ്റോറേജ് ഷെഡ് | 65/1 |
| 3 | സെക്രട്ടറി, പി സി എ ആർ ടി ബാങ്ക്,ഒറ്റപ്പാലം | ഓഫീസ് ബിൾഡിങ്ങ് | 175/2 |
| 4 | മുഹമ്മദ് റഫീക്ക് | ഷെഡ് | 122A/3 |

| | | | |
|---|---|---|---|
| | നാലകത്ത്, ഒറ്റപ്പാലം | | |
| 5 | അബ്ദുൽഖാദർ, നാലകത്ത്, ഒറ്റപ്പാലം | ഷെഡ് | 122B/3 |
| 6 | ഫാത്തിമ ,എരയിമ്പാടത്ത്,വരോട് | പാർപ്പിടം | 69/4 |
| 7 | പോൾ ജോസഫ്,കാട്ടുവേലിൽ തോട്ടക്കര | പാർപ്പിടം | 15/8 |
| 8 | മുസ്തഫ,മൂച്ചിക്കൽ ,വരോട് | പാർപ്പിടം | 33/3 |
| 9 | സലീം, പൂവത്തിങ്ങൾ, ഒറ്റപ്പാലം | വാണിജ്യം | 115/4 |

നഗരസഭയിൽ ക്രമവൽക്കരിക്കുവാൻ ലഭിച്ച അപേക്ഷകളിൻമേൽ സാങ്കേതിക വിഭാഗം സ്ഥല പരിശോധന നടത്തി, നിർമ്മാണത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 -ലെ വ്യവസ്ഥകളുടെ ലംഘനമുണ്ടായിട്ടുണ്ടോയെന്ന്പരിശോധിക്കുകയും ആയത് ക്രമവൽക്കരിക്കുന്നതിന് Kerala Municipality Building [Regularisation Of Unauthorised Construction] Rules, 2018 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.മേൽകാണിച്ച ഓരോ അപേക്ഷയിലും സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി ( 4/26-10-21 ) താഴെ പറയും പ്രകാരം മറുപടി തന്നിട്ടുണ്ട്.

| ക്രമ നം | അപേക്ഷകന്റെ പേര്- വിലാസം | മറുപടി |
|---|---|---|
| 1 | സതിദേവി .പി പള്ളിയാലിൽ പാലപുറം, ഒറ്റപ്പാലം | KLU സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് |
| 2 | ചന്ദ്രൻ. പി വയ്ക്കപാടം,പാലപുറം, ഒറ്റപ്പാലം | ടോയ് ലറ്റ് നിർമ്മാണം പൂർത്തികരിക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട് |
| 3 | സെക്രട്ടറി, പി സി എ ആർ ടി ബാങ്ക്,ഒറ്റപ്പാലം | ഫയൽ കാൺമാനില്ല |
| 4 | മുഹമ്മദ് റഫീക്ക് നാലകത്ത്, ഒറ്റപ്പാലം | റെയിൽവേ ഡിപ്പാർട്ടുമെന്റ് നിന്നും എൻ ഒ സി ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| 5 | അബ്ദുൽഖാദർ, നാലകത്ത്, ഒറ്റപ്പാലം | റെയിൽവേ ഡിപ്പാർട്ടുമെന്റ് നിന്നും എൻ ഒ സി ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| 6 | ഫാത്തിമ ,എരയിമ്പാടത്ത്,വരോട് | ഫീസ് അടവാക്കിയിട്ടില്ല |
| 7 | പോൾ | പുതുക്കിയ പ്ലാൻ |

| | | |
|---|---|---|
| | ജോസഫ്,കാട്ടുവേലിൽ തോട്ടക്കര | സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| 8 | മുസ്തഫ,മൂച്ചിക്കൽ ,വരോട് | കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് |
| 9 | സലീം, പൂവത്തിങ്ങൾ, ഒറ്റപ്പാലം | പുതുക്കിയ പ്ലാൻ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

ഫീൽഡ് പരിശോധനകൾ കാര്യക്ഷമമാക്കി സെക്രട്ടറിയിൽ നിന്നും മുൻകൂർ അനുമതി കൂടാതെ മുൻസിപ്പാലിറ്റി പ്രദേശത്ത് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും, അനുമതി കൂടാതെ ഏതെങ്കിലും നിർമ്മാണങ്ങൾ നടക്കുന്നത് ഫീൽഡ് പരിശോധനകളിൽ ബോധ്യപ്പെടുന്ന പക്ഷം ആയത് നിയമാനുസൃതം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

നിർദ്ദേശം-

മേൽ സൂചിപ്പിച്ച ഉടമകളിൽ നിന്നും ആവശ്യമായ രേഖകകൾ ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ആയത് നിയമാനുസൃതം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-16 അനധികൃത നിർമ്മാണങ്ങൾ- ചട്ടം, സർക്കാർ ഉത്തരവ് എന്നിവ പാലിക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, നിയമം 242 പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ കെട്ടിടം പണി പൂർത്തിയാക്കുകയോ ആ കെട്ടിടം ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തിയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസ്യതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്ന തുക നിയമാനുസ്യതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നല്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. 2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലാകുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം നിർമ്മിച്ച കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "U.A" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫാറം 10-ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. തദ്ദേശസ്വയംഭരണ(ആർ.എ) വകുപ്പ് നം. 29342/ആർ എ1/2014 തി. 19.5.14 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ചതിന് ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണെന്നുള്ള നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ നഗരസഭ അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സഞ്ചയയിലും അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

വസ്തുനികുതി പരിഷ്കരണത്തിന് ജീവനക്കാരെ നിയോഗിച്ചു കൊണ്ടുള്ള സെക്രട്ടറിയുടെ 28.06.13, 11.05.18 തീയതികളിലെ R1-5734/2011-നം. പ്രകാരമുള്ള നടപടിക്രമങ്ങളിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുന്നതിനും യു എ നം. നൽകുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/28.10.21) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ചട്ടപ്രകാരമുള്ള ഫോർമാറ്റിൽ സൂക്ഷിക്കേണ്ടതാണ്.

2. അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച് മൂന്നിരട്ടി നികുതി ഈടാക്കേണ്ടതാണ്.

3. അനധികൃത നിർമ്മിതികൾക്കെതിരെ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. കൂടുതൽ അന്വേഷണം നടത്തേണ്ടതും അനധികൃതനിർമ്മാണങ്ങളുടെ വിവരം ശേഖരിച്ച് നികുതി/പിഴയിനത്തിൽ ലഭ്യമാകേണ്ട തുക ഈടാക്കിയ നടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചതിൽ തുടരന്വേഷണം നടത്തുന്നില്ല

നഗരസഭയിൽ വാണിജ്യാവശ്യത്തിന് കെട്ടിടം പണിയുന്നതിനും /വാസഗൃഹത്തിനുവേണ്ടിയും പ്ലോട്ട് ലേഔട്ട് ചെയ്യുന്നതിന് ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ലാന്റ് ഡിവലപ്പ്മെന്റ് ചെയ്യുവാൻ മൈനിങ്ങ്& ജിയോളജി വകുപ്പിൽ നിന്നും മുൻകൂർ അനുമതി പത്രം ലഭ്യമായാൽ മാത്രമെ ഭൂവികസനമോ കെട്ടിട പണിയോ തുടങ്ങുവാൻ പാടുള്ളൂ എന്ന് സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കാതെ പ്രസ്തുത സ്ഥലത്ത് കെട്ടിടപണി നടത്തിയിട്ടുണ്ടോയെന്ന് ഫീൽഡ് ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.(അതായത് ടി പ്ലോട്ടിൽ മൈനിങ്ങ്& ജിയോളജി വകുപ്പിൽ നിന്നും മുൻകൂർ അനുമതി പത്രം ലഭ്യമാകാതെ ഭൂവികസനമോ, കെട്ടിട പണിയോ തുടങ്ങിയിട്ടുണ്ടോയെന്ന് ഫീൽഡ് ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്തേണ്ടതാണ്). ഫയൽ പരിശോധനയിൽ നാളിതുവരെയായിട്ടും ഇത്തരത്തിലുള്ള ഫീൽഡ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചവരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| ജയശങ്കർ .പി ഒറ്റപ്പാലം-1 വാർഡ്-8 സർവ്വേ നം-90/3A,90/B, | വാണിജ്യ ആവശ്യത്തിന് കെട്ടിടം പണിയുന്നതിന് | ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് നമ്പർ/ | അടവാക്കിയ തുക/ രസീതി നമ്പർ, തിയതി |
| | ലാന്റ് ഡിവലപ്പ്മെന്റ് എരിയ -515.86 ച.മി | E-2-BA(305787)/2019, 24-10-2019 | 16808/-,11364 /18-10-2019 |
| അനിത & ജയശങ്കർ, പൂക്കാട്ടുകുറുശ്ശി , പനമണ്ണ,ഒറ്റപ്പാലം വാർഡ്-33, സർവ്വേ | ലാന്റ് ഡിവലപ്പ്മെന്റ് എരിയ -424 ച.മി | E-2-BA(203187)/ 2019,09/07/2019 | 2708/7382 /008-07-2019 |

| | | | |
|---|---|---|---|
| നം-5-81/3A | | | |
| ഗോപാലകൃഷ്ണൻ സൗത്ത് പനമണ്ണ ,ഒറ്റപ്പാലം വാർഡ്-32, സർവ്വേ നം-5-69/03R_O | ലാന്റ് ഡിവലപ്പ്മെന്റ് എരിയ- 0.2070Hec (വാസഗൃ ഹത്തിനുള്ള പ്ലോട്ട്) | E-2-BA(9095)/ 2018,08-05-2018 | 15525/118270103 /09/05/2018 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.31/29-10-2021)ക്കുള്ള മറുപടിയിൽ ജീവനക്കാരുടെ അപര്യാപ്തതമൂലം സ്ഥല പരിശോധന നടത്തുവാൻ കഴിഞ്ഞിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ലാന്റ് ഡിവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചവരുടെ സ്ഥലം പരിശോധന നടത്തി നിലവിലെ നിയമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.അല്ലാത്തപക്ഷം കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 റഗുലറൈസേഷൻ ഫീ മൂന്നിരട്ടി ഈടാക്കുന്നത് ചട്ടവിരുദ്ധം

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ, സാങ്കേതം സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിൽ 105ബിൽഡിംഗ് പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം റെഗുലറൈസേഷൻ നടത്തിയതായി ബോധ്യപ്പെട്ടു. മുൻസിപ്പൽ സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും നഗരസഭയിൽ പ്രദേശത്ത് നടക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ നഗരസഭ പരിധിയിൽ യാതൊരു നിർമ്മാണ പ്രവർത്തികളും നടത്താൻ പാടില്ലെന്ന് കേരള മുൻസിപ്പൽ നിയമം/ ചട്ടങ്ങൾ, കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

മാത്രമല്ല കെട്ടിടം ക്രമവത്ക്കരിക്കുമ്പോൾ റഗുലറൈസേഷൻ ഫീ മൂന്നിരട്ടി ഈടാക്കുന്നുണ്ട്. ഉദാഹരണം കാണുക

അമൃത വിദ്യാലയം, സർവ്വേ നമ്പർ-5/6, R-5/6,5-7/1A എന്ന സ്ഥാപനം ക്രമവത്ക്കരിക്കുന്നതിനുവേണ്ടി ( BA-77/18-19) ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ സ്കെച്ച് / പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണം 5066.87 ച.മീറ്റർ ആണ്. ആയതിൽ 1834.09 Sqm ച.മീറ്റർ അനധികൃത നിർമ്മാണമെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് 05-07-2019 ൽ ക്രമവത്ക്കരിച്ചിട്ടുണ്ട്. (Permit N0-E-2 BA(161303/2019) . Kerala Muncipality Building Rules-2019 15(3)- States That “ The Fee For Extension Of Period Of Permits Shall Be Ten Percent Of The Building Permit Fee Excluding The Fee For Additional Floor Space Index, In Force At The Time Of Granting Extention . In Case The Period Of Permit Is Extended From The Date Of Issue Of Original Permit, The Fee For Extention Of Period Of Permit Shall Be Twice That Of The Permit Fee Excluding The Fee For Additional Floor Space Index, In Force At The Time Of Granting Extention . എന്നാൽ നഗരസഭയിൽ പെർമിറ്റ് ഫീയും അതിന്റെ രണ്ടിരട്ടിയും ഈടാക്കുന്നുണ്ട്. മേൽ പറഞ്ഞ സ്ഥാപനത്തിൽ നിന്നും ഈടാക്കിയ തുകയുടെ വിവരം താഴെ കാണുക.

(ഫയലിൽ ഓവർസിയറുടെ കാൽകുലേഷൻ )

| | |
|---|---|
| പെർമിറ്റ് ഫീ- 1890 ച മി * 10/- | 18900/- |
| റഗുലറൈസേഷൻ ഫീ-18900/-* 2 | 37800/- |

| | |
|---|---|
| തപാൽ ചാർജ്ജ് | 100/- |
| ഫൈൻ- | 48200/- |
| ആകെ | 105000/- എന്നാൽ ഈടാക്കിയ തുക രസീതി പ്രകാരം- 95000/- (4834,04-06-2019) |

മേൽ കാൽകുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ഈടാക്കേണ്ട തുക-105000/- എന്നാൽ ഈടാക്കിയ തുക രസീതി പ്രകാരം-95000/- (4834,04-06-2019). ആകെ ഈടാക്കേണ്ട തുകയിൽ (56700/- റഗുലറൈസേഷൻ ഫീയിനത്തിലും ബാക്കി തുക ഫൈൻ തുകയാണ്) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർദ്ദേശം

2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 ഭക്ഷണസാധനങ്ങൾ കൈകാര്യം ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉറപ്പാക്കേണ്ടതാണ്.

27/09/2019 ലെ ഒറ്റപ്പാലം നഗരസഭയുടെ കൗൺസിൽ യോഗ നടപടിക്രമങ്ങൾ പ്രകാരം നഗരസഭയിലെ എല്ലാ ഹോട്ടൽ/റസ്റ്റോറന്റ്/ഫാസ്റ്റ്ഫുഡ്/ടീഷോപ്പ്,ബേക്കറി/ഭോജനശാല /കശാപ്പ്ശാല/ഇറച്ചിക്കട/കൂൾബാർ/മറ്റ്ഭക്ഷണസാധനങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് (അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ) മുൻസിപ്പാലിറ്റിയിൽ നിന്നും നിർദ്ദേശിക്കുന്ന രീതിയിലുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണെന്നും ആയത് ഹാജരാക്കിയാൽ മാത്രമെ ലൈസൻസ് അനുവദിക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിൽ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മാതൃക തയ്യാറാക്കിയിട്ടുണ്ട്. 2019-20 വർഷത്തിലെ വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും സേവനങ്ങൾക്കും ആവശ്യമായ ലൈസൻസ് അപേക്ഷയും അനുബന്ധ രജിസ്റ്റർ ഫയൽ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച മുഴുവൻ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയതായി കാണുന്നില്ല. എല്ലാ വർഷവും ലൈസൻസ് പുതുക്കുമ്പോഴും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോഴും തൊഴിലാളികളുടെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടോയെന്ന് ഫീൽഡ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്. മാത്രമല്ല അന്യ സംസ്ഥാന തൊഴിലാളികളുടെ പേര്- വിവരങ്ങളടങ്ങിയ രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

1-20 ബസ് സ്റ്റാന്റ് ലേലം - ലേലം ലഭിച്ച വ്യക്തിയെ സമയബന്ധിതമായി അറിയിക്കുകയോ, കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല.

ഒറ്റപ്പാലം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റിൽ 01.04.2019 മുതൽ 31.03.2020 വരെയുള്ള കാലയളവിലേക്ക് ബസ്സുകളിൽനിന്ന് (കെ.എസ്.ആർ.ടി.സി ഒഴികെ) ഫീസ് പിരിക്കുന്നതിനുള്ള അവകാശം 1108800 രൂപ അടിസ്ഥാന തുക നിശ്ചയിച്ച് 28.02.2019 നം,29.03.2019 നം പരസ്യമായി ലേലം ചെയ്തിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ 27.04.2019 ന് ഓഫർ ക്ഷണിക്കുകയുംചെയ്തിട്ടുണ്ട്. ഓഫറിൽ ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ( 1277560 രൂപ -ജി.എസ്.ടി ഉൾപ്പെടെ) ഷഫീക് പി.ടി. പൊന്നാരംതൊടി ,കൊടുമുണ്ട, പട്ടാമ്പി എന്നയാളുമായി വീണ്ടും നെഗോസിയേഷൻ നടത്തുകയും 13000 രൂപ കൂടി വർദ്ധിപ്പിച്ച് 1290560 രൂപ ഒരുവർഷത്തേക്ക് നൽകുന്നതിന് തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു,ആയത് അംഗീകരിക്കാവുന്നതാണെന്ന് 14.05.2019 ലെ 12-ാം നമ്പർ തീരുമാന പ്രകാരം കൗൺസിലിലേക്ക് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട് പ്രസ്തുത

ശുപാർശ 03.01.2020ലെ 4-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ആർ 3-1286/19 തീ.30.01.2020 ലെ കത്ത് മുഖേനെ ടിയാനെ അറിയിച്ചുവെങ്കിലും ടിയാൻ നഗരസഭയ്ക്ക് നൽകിയ കത്തിൽ ടിയാന്റെ ഓഫർ സമർപ്പിച്ച് 10 മാസംവരെ കാല താമസം വരുത്തി അംഗീകരിച്ചതിനാൽ പ്രവൃത്തി ഏറ്റെടുക്കുന്നതിന് താല്പര്യമില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.ലേല ഡയറിയിൽ ലേലം സ്ഥിരപ്പെടുത്തുകയോ, അസാധുവാക്കുകയോ ചെയ്ത കൗൺസിൽ തീരുമാനം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല. സമയ ബന്ധിതമായി ലേല നടപടികൾ പൂർത്തീകരിച്ച് കരാർ വെക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/27.10.2021 ) മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപുതന്നെ ആ സാമ്പത്തിക വർഷത്തേക്കുള്ള ലേല നടപടികൾ ആരംഭിക്കുകയും , വരുമാനം കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 1-21 നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകൾ നടത്താതെ നിഷ്ക്രിയമായി അവശേഷിക്കുന്നുണ്ട്. 2019-2020വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് ഉള്ളതും പണമിടപാടുകൾ ഇല്ലാത്തതുമായ അക്കൗണ്ടുകൾ നിലവിലുള്ളതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | 01.04.19 ലെ മുന്നിരിപ്പ് | 31.03.20ലെ നീക്കിയിരിപ്പ് |
|---|---|---|---|
| സിൻഡിക്കേറ്റ് ബാങ്ക് Mly Award | 4454220002169 | 1.77 | 1.77 |
| സിൻഡിക്കേറ്റ് ബാങ്ക് Best Mly Award | 4454220002169 (FD) | 0.23 | 0.23 |
| എച്ച്.ഡി.എഫ്.സി. Bus Stand -Current A/c | 50200001068849 | 111336 | 111336 |
| എച്ച്.ഡി.എഫ്.സി.- Own Fund | 50100013714612 | 4321 | 4436 |
| എച്ച്.ഡി.എഫ്.സി. Bus Stand -Current A/c | 501000013714609 | 31620 | 32461 |
| MF Old | 84480010298 | 8150 | 8150 |
| എസ്.ബി.ഐ. Lab & Library | 67114539854 | 18072 | 18694 |
| എസ്.ബി.ഐ. Veterinary | 67138645049 | 11016 | 11395 |
| TPA | 241 | 385 | 351 |

ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ നാളിതുവരെ ക്ലോസ് ചെയ്യാതെ നിലനിർത്തുന്നതിനുള്ള

വിശദീകരണവും നിലവിൽ ക്ലോസ് ചെയ്യാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 39/30.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിഷ്ക്രിയമായിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ഉചിതമാർഗ്ഗേന അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-22 തനത് ഫണ്ടിന് ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തുന്നു

26-5-2011 തീയ്യതിയിലെ സർക്കുലർ നമ്പർ 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രമാണ് നിക്ഷേപിക്കേണ്ടത്.

2019-2020 വാർഷിക ധനകാര്യപത്രിക പ്രകാരം തനത് ഫണ്ടിനായി ഇടപാടു നടത്തിവരുന്ന ബാങ്ക് അക്കൗണ്ടായ എസ്.ബി.എെ- 30558950840 കൂ പുറമെ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകൾ കൂടി നിലനിർത്തിയതായി കാണുന്നു.

1. എസ്.ബി.ഐ – Own Fund -570038391877

2. എച്ച്.ഡി.എഫ്.സി. Bus Stand -Current A/c 50200001068849

3. എച്ച്.ഡി.എഫ്.സി.- Own Fund 50100013714612

4. എച്ച്.ഡി.എഫ്.സി. Bus Stand - 501000013714609

തനത് ഫണ്ടിനായി ഒന്നിലധികം അക്കൗണ്ടുകൾ ഉപയോഗിച്ചുവരുന്നതിന്റെ കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 38/30.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

നിലവിൽ ഇടപാടുകൾ ഇല്ലാത്ത തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് അതാത് ഹെഡിലേക്ക് തുക തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-23 ചെക്കുകൾ ക്രമീകരിച്ചിട്ടില്ല

വരവ് പരിശോധനയുടെ ഭാഗമായി ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ (തനത് ഫണ്ട് SBI- 30558950840) പരിശോധിച്ചതിൽ, Cheque Issued But Not Presented Into Bank/ Treasury എന്ന ശീർഷകത്തിൽ പണമാക്കാത്ത ചെക്കുകളായി 20-12-2012 മുതൽ 31-03-2021 വരെ 6,04,345/- രൂപ പണമാക്കാത്ത ചെക്കുകളായി നിലനിൽക്കുന്നു. മാത്രമല്ല 21.03.2014 മുതൽ 31-03-2021 വരെ 22 ചെക്കുകളിലായി 4,31,579/- ക്രെഡിറ്റ് ചെയ്യാനുണ്ട് (Cheque Deposited But Not Cleared By Bank/ Treasury). ആയതിൽ മാർച്ച് 2014 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു.

നാളിതുവരെയായി ചെക്കുകൾ ക്രമീകരിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം 33/29-10-2021 ൽ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2019-2020 വാർഷിക ധനകാര്യപത്രികയിൽ Liability In Respect Of Stale Cheque 11276/- രൂപയാണ് കാണിച്ചിട്ടുള്ളത്.തനത് ഫണ്ട് SBI- 30558950840 ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 31.03.2021 വരെ പണമാക്കാത്ത ചെക്കുകളിലായി 6,04,345/- രൂപ നിലനില്ക്കുന്നു. പണമാക്കാത്ത മുഴുവൻ ചെക്കുകളും വാർഷിക ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല .

ക്രെഡിറ്റ് ആകാത്ത തുകയായ 4,31,579/- രൂപ തനതു ഫണ്ടിൽ മുതൽകൂട്ടാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 രസീതി പരിശോധന – കണ്ടെത്തലുകൾ

ഒറ്റപ്പാലം നഗരസഭയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ രസീതി പരിശോധനയിലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. KTC Vol I ആർട്ടിക്കൾ( 92 ബി) കുറിപ്പ് -2 പ്രകാരം രസീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്. പരിശോധനയ്ക്ക് വിധേയമാക്കിയ രസീതി പുസ്തകം നമ്പർ 278 മുതൽ 352 വരെയുള്ള രസീതി പുസ്തകങ്ങളിൽ "സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്" രേഖപ്പെടുത്തിയിട്ടില്ല.
2. രസീതി പുസ്തകം നമ്പർ 328 ൽ 32726 മുതൽ 32800 വരെയുള്ള രശീതികളും രസീതി പുസ്തകം നമ്പർ 333 ൽ 33250 മുതൽ 33300വരെയുള്ള രശീതികൾ ഉപയോഗിക്കാത്തതിൽ ക്യാൻസിൽ ചെയ്യുകയോ കാരണം രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം 33/29-10-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഉപയോഗിക്കാത്ത രശീതികൾ ബുക്കുകൾ ക്യാൻസൽ ചെയ്ത് അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-25 ചെലവുകൾക്കാധാരമായ രേഖകളും ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| Sl.No | വൌച്ചർ നം,& തീയ്യതി | ചെക്ക് നം & തീയ്യതി | ചെലവിനം | തുക | ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 677/ 10.10.19 | 332107/ SBI | ശമ്പളം – ടെക്നോ വേൾഡ് ഡിജിറ്റൽ ടെക്നോള ജീസ് എന്ന സ്ഥാപന ത്തിന് നൽകിയ തുക | 6644/- | H1- 2646/01 |
| 2 | 685/ 10.10.19 | 332109/ SBI | KL51-K 6350 വാഹന ത്തിന്റെ സർവീസ് ചാർജി നത്തിൽ ഇറാം മോട്ടോർസ് എന്ന സ്ഥാപന ത്തിന് നൽകിയ തുക | 3590/- | E1- 883/19 |
| 3 | 744/ 29.10.19 | 578102/ SBI | ക്ലീനിംഗ് മെറ്റീരിയൽ വാങ്ങിയതിന് ആഗ്രോ- ഇൻഡ സ്ട്രീസിന് നൽകിയ തുക | 75387/- | H1- 9435/11 |
| 4 | 782/ 07.11.19 | 578113/ SBI | ശ്രീ PMA ജലീൽ കൌൺസി ലർക്ക് വാർഡ് സഭ മുറിവാടക യിനത്തിൽ നൽകിയ തുക | 6000/- | G2- 23264/18 |
| 5 | 783/ 07.11.19 | 578113/ SBI | വാർഡ് സഭ- ലഘു ഭക്ഷണ ത്തിന് നൽകിയ തുക ( Sri PMA Jaleel& | 10402/- | G2- 3264/18 |

| | | | | | |
|---|---|---|---|---|---|
| | | | Abbas - Counsillors | | |
| 6 | 801/ 07.11.19 | 578121 /SBI | വിശപ്പില്ലാ നഗരം- അമൃതം കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റിന് നൽകിയ തുക | 27575/- | H2- 1840/19 |
| 7 | 916/ 11.12.19 | 578145 /SBI | കലണ്ടർ വാങ്ങു ന്നതിന് ആശ. എം.പി.ക്ക് നൽകിയ മുൻകൂർ തുക | 2000/- | G2 2725/19 |
| 8 | 929/ 19.12.19 | 578150 /SBI | ബാറ്ററി വാങ്ങു ന്നതിന് നൌഫൽ എന്ന യാൾക്ക് നൽകിയ തുക | 6200/- | H1- 4783/98 |
| 9 | 931/ 19.12.19 | 578152 /SBI | ശമ്പളം - ടെക്നോ വേൾഡ് ഡിജിറ്റൽ ടെക്നോ ളജീസ് എന്ന സ്ഥാപന ത്തിന് നൽകിയ തുക | 6644/- | H1- 2646/01 |
| 10 | 943/ 20.12.2019 | 578163 /SBI | നോട്ടീസ് പ്രിന്റിംഗിനു വേണ്ടി രശ്മ ഓഫ്സെറ്റ് പ്രിന്റേഴ്സിന് നൽകിയ തുക | 20950/- | H1- 11409/18 |
| 11 | 954/ 21.12.19 | 82150/- | ആയുർവേദാ ശുപത്രി യിലേക്ക് ഭക്ഷണം വിതരണം ചെയ്തതിന് അനിത കുടുംബശ്രീ പ്രസിഡണ്ടിന് നൽകിയ തുക | 82150/- | H2- 18401/19 |
| 12 | 955/ 21.12.19 | 578169 /SBI | KL-51-6702 നമ്പർ വാഹന ത്തിന്റെ സർവീസ് ചാർജിന ത്തിൽ Eram Motors എന്ന സ്ഥാപന ത്തിന് നൽകിയ തുക | 15846/- | E1/ 10/2/17 |
| 13 | 957/ 21.12.19 | 578170 /SBI | A4 പേപ്പർ & സ്റ്റേഷനറി എന്നിവ വാങ്ങിയ ഇനത്തിൽ ജില്ലാ കോ-ഓപ്പ് | 37665/- | R2- 19857/18 |

| | | | | | |
|---|---|---|---|---|---|
| | | | പ്രിന്റിംഗ് പ്രസ്സ് സെക്രട്ടറിക്ക് നൽകിയ തുക | | |
| 14 | 959/ 23.12.19 | 578171 /SBI | Tax Revision Details – Data Entry നിർവഹിച്ചതിന് ടെക്നോ വേൾഡ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് നൽകിയ തുക | 40,000/- | R1- 5734/11 |
| 15 | 1001/ 07.01.2020 | 771152 /SBI | ശമ്പളം- ടെക്നോ വേൾഡ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് നൽകിയ തുക | 6672/- | H1- 2646/01 |
| 16 | 1002/ 07.02.20 | 771153 /SBI | മരത്തിന്റെ ശിഖരങ്ങൾ മുറിച്ച മാറ്റിയതിന് സൈതലവി എന്നയാൾക്ക് നൽകിയ തുക | 46000/- | H1- 15886/19 |
| 17 | 1003/ 09.01.20 | 771154 /SBI | KL-9K -1910 എന്ന ലോറിയുടെ റിപ്പയർ ഇനത്തിൽ ഡ്രൈവർ ജയ പ്രകാശിന് നൽകിയ തുക | 4820/- | H1- 16340/19 |
| 18 | 1019/ 13.01.20 | 771162 /SBI | KL-51-6702 എന്ന വാഹനത്തിന്റെ ഇൻഷൂറൻ തുകയുനത്തിൽ ഡ്രൈവർ ശ്രീ മുഹമ്മദ് സലീമിന് മുൻക്കൂർ നൽകിയ തുക | 13049/- | E1- 414/19 |
| 19 | 1020/ 17.01.20 | 771162 /SBI | ടാക്സ് റിവിഷൻ- അനൌൺസ്മെന്റ് ഇനത്തിൽ Brothers Sounds ന് നൽകിയ തുക | 35000/- | R1- 7306/14 |
| 20 | 1031/ 20.01.2020 | 771168 /SBI | വോട്ടർ പട്ടിക കോപ്പിയെടുക്കുന്നതിനു വേണ്ടി ക്ലാർക്കിന് നൽകിയ | 40,000/- | C1- 354/20 |

| | | | | | |
|---|---|---|---|---|---|
| | | | മുൻകൂർ തുക | | |
| 21 | 1078/ 04.02.20 | 771176 /SBI | ശമ്പളം- ടെക്നോ വേൾഡ് ഡിജിറ്റൽ ടെക്നോ ളജീസ് എന്ന സ്ഥാപന ത്തിന് നൽകിയ തുക | 6644/- | H1- 2646/01 |
| 22 | 1079/ 05.02.20 | 771177 /SBI | കേബിൾ & മോഡം ഇൻസ്റ്റ ല്ലേഷൻ ചാർജിന ത്തിൽ ശ്രീ. എ.എം. നൌഷാദ് സീനിയർ സൂപ്രണ്ടിന് നൽകിയ തുക | 3500/- | A2- 216420 |
| 23 | 1084/ 05.02.20 | 771177 /SBI | KL96-7444 Tractor& KL9R-1910 Tipper Lorry എന്നിവയുടെ പരിപാലന ത്തിന് ശ്രീ സിദ്ദീക്ക് DLR JHI ക്ക് നൽകിയ തുക | 4340/- | H1- 4783/98 |
| 24 | 1087/ 05.02.20 | 771179 /SBI | KL9R 7444 എന്ന വാഹനം റിപ്പയർ ചെയ്തയി നത്തിൽ കാരളാ ആഗ്രോ- ഇൻഡ സ്ട്രീസ് കോർപ്പ റേഷന് നൽകിയ തുക | 39600/- | - |
| 25 | 1088/ 05.02.20 | 771180 /SBI | വിശപ്പില്ലാ നഗരം പ്രൊജക്ട മായി ബന്ധപ്പെട്ട് ഭക്ഷണം വിതരണം ചെയ്തതിന് അമൃത കാറ്ററിംഗ് യൂണിറ്റിനു നൽകിയ തുക | 73575/- | H1- 18401/19 |
| 26 | 1113/ 10.02.20 | 771191 /SBI | കേരളോ ത്സവം ചെലവി നത്തിൽ ശ്രീ അനിൽ കുമാർ EV JHI ക്ക് നൽകിയ തുക | 36695/- | H2- 18916/19 |
| 27 | 1123/ 17.02.20 | 771196 /SBI | ആട്ട വളർത്തൽ ജനറൽ -വനിത പ്രൊജക്ട് - റീ- ഫണ്ട് തുക – ശ്രീമതി ലക്ഷ്മിക്ക് | 8000/- | G2- 22324/14 |

| | | | | | |
|---|---|---|---|---|---|
| | | | നൽകിയ തുക | | |
| 28 | 1129/ 17.02.20 | 771202 /SBI | രചന ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപന ത്തിന് പ്രിന്റിംഗ് ചാർജിന ത്തിൽ നൽകിയ തുക | 16800/- | H1- 21556/18 |
| 29 | 1140/ 17.02.20 | 771210 /SBI | KL-51 6702 വാഹന ത്തിന്റെ ബാറ്ററി മാറ്റുന്നതിന് ഡ്രൈവർ ശ്രീ മുഹമ്മദ് സലീമിന് നൽകിയ തുക | 6200/- | E1- 1012/07 |
| 30 | 1141/ 17.02.20 | 771210 /SBI | വാർഡ് സഭ- റിഫ്രഷ്മെന്റ് ചാർജ്- ശ്രീമതി കൃഷ്ണകുമാരി , പ്രതാപ് കുമാർ എന്നി വർക്ക് നൽകിയ തുക | 6252/- | G2- 23264/18 |
| 31 | 1142 & 1143 17.02.20 | 771210 /SBI | 1,34,36,28, 25,31,33 വാർഡു കളിലെ വാർഡ് സഭക്ക് റിഫ്രഷ്മെന്റ് ചാർജ് | 22394/- | G1- 23264/18 |
| 32 | 1148/ 19.02.20 | 771213 /SBI | ശ്രീമതി ഷെറിൻ CL മെഡിക്കൽ റീ- ഇമ്പേഴ്സ് മെന്റ് തുക | 8191/- | G1- 1825/03 |
| 33 | 1160/ 19.02.20 | 771221 /SBI | KL – 51 6350 വാഹന ത്തിന്റെ ഇൻഷൂറൻസ് ചാർജി നത്തിൽ ഡ്രൈവർ മുഹമ്മദ് സലീമിന് നൽകിയ മുൻകൂർ തുക | 16395/- | |
| 34 | 1161/ 19.02.20 | 771222 /SBI | KL – 51 6350 വാഹന ത്തിന്റെ സർവീസ് ചാർജി നത്തിൽ ഇറാം മോട്ടോർ സിന് നൽ കിയ തുക | 5840/- | E3- 8831/19 |
| 35 | 1190/ 04.03.20 | 771232 /SBI | പ്രേരക് മാരുടെ ട്രോഫി വിതരണ ത്തിന വേണ്ടി New Sports Galaxy ക്ക് | 1536/- | C1- 3401/20 |

| | | | | | |
|---|---|---|---|---|---|
| | | | നൽകിയ തുക | | |
| 36 | 1191/ 04.03.20 | 771233 /SBI | വിവിധ വാർഡുകളിൽ കിണർ ശുചീകരിക്കുന്നതിന് സൈതലവി എന്നയാൾക്ക് നൽകിയ തുക | 48000/- | H1- 15975/15 |
| 37 | 1206 & 1207/ 04.03.20 | 771240 /SBI | വിവിധ വാർഡുകളിലെ വാർഡ് സഭ നടത്തിപ്പ് ചെലവ് | 16664 23810 | G2- 23264/18 |
| 38 | 1208/ 04.10.20 | 771241 /SBI | A4 പേപ്പർ, വിവിധ ഫോറങ്ങൾ എന്നിവ വാങ്ങിയ ഇനത്തിൽ ജില്ലാ സഹകരണ പ്രിന്റിംഗ് പ്രസ്സിന് നൽകിയ തുക. | 25165/- | |
| 39 | 1221/ 06.03.19 | 771249 /SBI | PMAY Scheme -Geo Tagging Programme - ചെലവ് | 43614/- | PMAY 13048/16 |
| 40 | 1224/ 07.03.19 | 771251 /SBI | വിശപ്പില്ലാ നഗരം- ഭക്ഷണം വിതരണം ചെയ്യതിന് അമൃത കുടുബശ്രീക്ക് നൽകിയ തുക | 77825/- | H1- 18401/19 |
| 41 | 1225/ 11.03.20 | 899682 /SBI | KL-9 R -1910 നമ്പർ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി ശ്രീ വി.പി. സന്തോഷിന് നൽകിയ തുക | 13665/- | H1- 16340/19 |
| 42 | 1333/ 17.03.202 | 899688/SBI | Tax Revision -Data Entry ക്ക വേണ്ടി ടെക്നോ വേൾഡ് ഡിജിറ്റൽ ടെക്നോളജീസ് എന്ന സ്ഥാപനത്തിന് നൽകിയ തുക | 25000/- | R1- 5734/11 |
| 43 | 1443/ 23.03.2020 | 113900/ PMAY | PMAY പ്രൊഗ്രാം- ഭക്ഷണ ച്ചെലവ്- ഹോട്ടൽ ശ്രീ ലക്ഷ്മിക്ക് നൽകിയ | 7500/- | H2- 17333/19 |

| | | | | | |
|---|---|---|---|---|---|
| | | | തുക | | |
| 44 | 1444/ 23.03.20 | 113901/ PMAY | PMAY ഫാമിലി പ്രൊഗ്രാം- Brothers Sound & Decorators എന്ന സ്ഥാപന ത്തിന് നൽകിയ തുക | 67000/- | H2- 17333/19 |
| 45 | 1447/ 23.03.20 | XY5173154 /TSB | വിമുക്തി പ്രോഗ്രാം- അനീഷ് തോമസിന് നൽകിയ തുക | 63000/- | H1- 877/19 |
| 46 | 1448/ 23.03.20 | 899696/ SBI | രേഖ കെ.എം. പ്ലാൻ സെക്ഷൻ- ഡാറ്റ എൻട്രിക്ക് നൽകിയ തുക | 25308/- | G2- 18775/18 |
| | | | | 1179107.00 | |

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിനു ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന് (നമ്പർ 17/ 28.10.2020) മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല .ആയതിനാൽ മേൽ പറഞ്ഞ ചെലവുകൾക്കാധാരമായ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ പട്ടികയിൽ പറഞ്ഞിരിക്കുന്ന 1179107 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 സർക്കാർ അനുമതിയില്ലാതെ ദിവസ വേതന നിയമനം- വേതനമിനത്തിൽ ചെലവഴിച്ച 1892284 തുക തടസ്സപ്പെടുത്തുന്നു.

നഗരസഭയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ പരിശോധിച്ചതിൽ, 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചത് പോലെ, നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെ നിലവിലില്ലാത്ത തസ്തികകളിൽ ജീവനക്കാരെ നിയമിച്ച് ദിവസവേതനം നൽകുന്നത് ഈ വർഷവും തുടരുന്നതായി കണ്ടെത്തി.2019-20 വർഷത്തെ വാർഷികക്കണക്കുകൾ പ്രകാരം 3,572,930.00 രൂപ ദിവസവേതനക്കാരുടെ വേതനം എന്ന ഇനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. നഗരസഭയിലെ വിവിധ വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 3 |
| പബ്ലിക് വർക് ഓവർസിയർ | 2 |
| അക്കൌണ്ടിംഗ് അസിസ്റ്റന്റ് | 1 |
| ഡാറ്റ എൻട്രി ഓപ്പറേറ്റർ (ജനനമരണരജിസ്ട്രേഷൻ & പ്ലാൻ സെക്ഷൻ, ടാക്സ് റിവിഷൻ) | 2 |
| ഡ്രൈവർ (എഞ്ചിനിയറിംഗ് വിഭാഗം) | 1 |

| | |
|---|---|
| ക്ലർക്ക് (പി.എം.എ.വൈ) | 1 |
| സെക്യൂരിറ്റി ജീവനക്കാർ | 2 |
| അപ്രന്റീസ് (എഞ്ചിനിയറിംഗ്) - | 3 |

ഹെൽത്ത് വിഭാഗം

ശ്രീ. അബൂബക്കർ സിദിഖ് (2015 മുതൽ തുടർന്ന് വരുന്നു). ശ്രീ.വിഷ്ണു, ശ്രീമതി.ശ്രീജ എന്നിവരെ JHI തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത് തുടരുകയും 2019 -20 വർഷം (1.4.19 മുതൽ 31.3.20 വരെ) ഇവർക്ക് ആകെ 4 75974രൂപ വേതനമിനത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്

ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം 16.12.17 ന് പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും (L1/270/17-272/17) JHI തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കിയെങ്കിലും നിയമനം നടത്തിയില്ല. ഇക്കാര്യം 2018-19ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. 2019-20 ലും ഇന്റർവ്യൂ നടത്തുകയോ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയോ ചെയ്തിട്ടില്ല.

നിയമാനുസൃത നടപടിക്രമങ്ങളൊന്നും പാലിക്കാതെ ദിവസവേതനമിനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 475974രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു .

എഞ്ചിനിയറിംഗ് വിഭാഗം

നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ PWO തസ്തികയിൽ ശ്രീ.രഞ്ജിത്ത് & ശ്രീ.ഷഫീക്ക് എന്നീ ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച നടപടി 2019-20 വർഷവും തുടർന്നിട്ടുണ്ട്. 2019-20-ൽ ആകെ 197288 രൂപയാണ് വേതനമായി ചെലവഴിച്ചത്. നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ സർക്കാർ ജീവനക്കാരായതിനാൽ ശമ്പളം സർക്കാരിൽ നിന്നും നേരിട്ടാണ് നൽകിവരുന്നത്. ആയതിനുള്ള നിശ്ചിത തുക സർക്കാർ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നേരിട്ട് കുറവ് ചെയ്തശേഷമാണ് നഗരസഭക്ക് ഫണ്ട് അനുവദിക്കുന്നത്. അതിനാൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തേണ്ടതും വേതനം സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്. 24.10.2017ലെ കൗൺസിൽ (10 നമ്പർ തീരുമാനം) എഞ്ചിനിയറിംഗ് വിഭാഗത്തിലെ ദിവസവേതനക്കാരുടെ വേതനം സർക്കാർ ഫണ്ടിൽ നിന്നുമാണ് മാറിനൽകേണ്ടത് എന്ന് തീരുമാനിച്ചിരുന്നു എങ്കിലും തുടർനടപടികളൊന്നും സ്വീകരിക്കാതെ 2019-20 വർഷത്തിലും നേരിട്ട് ദിസവേതനക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം നൽകുകയാണ് ചെയ്തിട്ടുള്ളത്. നിയമാനുസൃത നടപടിക്രമങ്ങളൊന്നും പാലിക്കാതെ ദിവസവേതനമിനത്തിൽ തനത് ഫണ്ടിൽ നിന്നും 2019-20 ൽ ചെലവഴിച്ച 197288രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. തുക സർക്കാരിൽ നിന്നും ലഭ്യമാക്കി ഫണ്ട് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അപ്രന്റീസ് ട്രെയിനി

2017-18 വർഷത്തിൽ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിയമിക്കപ്പെട്ട 3 സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമക്കാർ (പോളിടെക്നിക്) അപ്രന്റീസ് ട്രെയിനികളായി 2019-20 ലും തുടരുന്നുണ്ട്. Industrial Training Centre, Malampuzha ITI യിൽ നിന്നും നൽകുന്ന ലിസ്റ്റിൽ നിന്നുമാണ് ട്രെയിനിയെ തിരഞ്ഞെടുത്തിട്ടുള്ളത്. ഇവർക്ക് പ്രതിമാസം 7000 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ 294861 രൂപ സ്റ്റൈപ്പന്റായി നൽകിയിട്ടുണ്ട്. നാഷണൽ അപ്രന്റീസ് ഷിപ്പ് പ്രമോഷൻ സ്കീം പ്രകാരം അപ്രന്റീസ് സ്റ്റെപ്പന്റിന്റെ 25% (മാസം പരമാവധി 1500) കേന്ദ്രഗവൺമെന്റ് തിരികെ നൽകുന്നതാണ്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും വിഷയം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ 2019-20 വർഷത്തിലും ഇപ്രകാരം സ്റ്റൈപ്പന്റ് റീഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികളൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല. നഗരസഭ നൽകുന്ന സ്റ്റെപ്പന്റിൽ നിയമാനുസൃതം തിരികെ ലഭിക്കാവുന്ന തുകകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കുന്നത് വരെ ഈയിനത്തിൽ നൽകിയ 294861 രൂപയുടെ ചെലവും ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

ജനറൽ വിഭാഗം

ക്ലർക്ക്

പി.എം.എ.വൈ പദ്ധതിയുടെ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിനായി ഓഡിറ്റ് വർഷം ശ്രീമതിരാധ.സി എന്ന വ്യക്തിക്ക് ദിവസവേതനമായി നിരക്കിൽ ആകെ 144843 രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ (H1- 7153/2008) 10.11.2008 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്നതായി കാണുന്നു. 26.2.2011 ലെ 25 നമ്പർ കൗൺസിൽ തീരുമാനപ്രകാരം IHSDP പദ്ധതിയുടെ നിർവഹണത്തിനായി ശ്രീമതി രാധയെ ക്ലറിക്കൽ തസ്തികയിൽ നിയമിച്ചത് അംഗീകരിക്കുകയും നഗരസഭക്ക് അനുവദിക്കപ്പെട്ട തസ്തികയല്ലാത്തതിനാൽ സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. 31-3-2017 ന് IHSDP പദ്ധതി പൂർത്തിയായതിനെ തുടർന്ന് 28.1.2016ലെ 25 നമ്പർ കൗൺസിൽ തീരുമാനപ്രകാരം പി.എം.എ.വൈ പദ്ധതിക്കായി പുനർനിയമനം നൽകിയിട്ടുണ്ട്. നഗരസഭയ്ക്ക് അനുവദിക്കപ്പെട്ട ക്ലറിക്കൽ തസ്തികയിൽ അധികരിച്ച് പുതിയ തസ്തിക സൃഷ്ടിച്ച് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ക്രമപ്രകാരമല്ല.

സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കാതെ ഇപ്രകാരം ദിവസവേതനം നൽകുന്നതിന് നഗരസഭയുടെ ഫണ്ട് ചെലവഴിക്കാവുന്നതല്ല. സർക്കാർ അനുമതി ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 144843 രൂപ തടസ്സപ്പെടുത്തുന്നു.

ജനന-മരണ രജിസ്ട്രേഷൻ വിഭാഗം

2019-20 സാമ്പത്തിക വർഷത്തിൽ ജനന-മരണ രജിസ്ട്രേഷൻ വിഭാഗത്തിൽ ശ്രീമതി അമൃത എന്ന വ്യക്തിയെ നിയമിച്ച് 173143രൂപ വേതനമിനത്തിൽ നൽകിയിട്ടുണ്ട്. ഈ നിയനത്തിന് പ്രത്യേക സർക്കാർ അനുമതിയുണ്ടെങ്കിൽ ടി ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നമ്പർ 41/ 30.10.2021 ) മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുകയോ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യുന്നത് വരെ ഈയിനത്തിൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 173143 രൂപയും ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

അക്കൌണ്ട്സ് വിഭാഗം

അക്കൌണ്ട്സ് വിഭാഗത്തിൽ അക്കൌണ്ടിംഗ് അസിസ്റ്റന്റായി ശ്രീമതി ബീന എന്ന വ്യക്തിയെ നിയമിച്ച് തൻവർഷം 167535രൂപ വേതനമിനത്തിൽ നൽകിയിട്ടുണ്ട്. ടി നിയമനം സംബന്ധിച്ച രേഖകളും, 41/ 30.10.2021 നമ്പർ ഓഡിറ്റ് റിക്വിസിഷൻ മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കുകയോ മറുപടി സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖകളോ സർക്കാർ സാധൂകരണമോ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 167535രൂപയും ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

സെക്യൂരിറ്റി ജീവനക്കാർ

നഗരസഭയിൽ സെക്യൂരിറ്റി ജീവനക്കാരായ ശ്രീ. ബാലചന്ദ്രൻ, ശ്രീ. ഇബ്രാഹിം എന്നിവർ എന്നിവർ ഈ വർഷത്തിലും ഇതേ തസ്തികയിൽ തുടരുന്നു. 2019-20 വർഷത്തിൽ ഇവർക്ക് വേതനമിനത്തിൽ ആകെ 438640 രൂപ വേതനമായി നൽകിയിട്ടുണ്ട്. ഇവരുടെ നിയമനം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ (G1-6653/2003) 2004 മുതൽ നഗരസഭയിൽ സെക്യൂരിറ്റി ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതായി കാണുന്നു. നഗരസഭയിൽ സെക്യൂരിറ്റി ജീവനക്കാരുടെ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ചെയർമാന്റെ നിർദേശപ്രകാരമാണ് 2004 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ 2 പേർ ജോലിചെയ്തുവരുന്നത്. സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ച

നടപടിക്ക് അംഗീകാരത്തിനായി 2005 ൽ സർക്കാരിന് അപേക്ഷ നൽകിയെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. അനുവദിക്കപ്പെട്ടിട്ടില്ലാത്ത തസ്തികകളിലേക്ക് നിയമനം നടത്തി വേതനം നൽകുന്നത് ക്രമപ്രകാരമല്ല. ഇക്കാര്യം 2018-19 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

അനുമതി ഇല്ലാത്ത തസ്തികകൾക്കായി നൽകിയ വേതനം - 438640 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ദിവസ വേതന ജീവനക്കാർക്ക് നൽകിയ ഉത്സവ ബത്ത

ഓഡിറ്റ് വർഷത്തിൽ മേൽ പറഞ്ഞ ദിവസ വേതന ജീവനക്കാർക്ക് ഉത്സവബത്തയിനത്തിൽ 18810 രൂപ വൌച്ചർ നമ്പർ 455/03.09.21 പ്രകാരം നൽകിയിട്ടുണ്ട്. ഇവരുടെ നിയമനം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ നൽകിയ 18810 രൂപയുടെ ചെലവും ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

മേൽ പറഞ്ഞ നിയമനങ്ങളുടെ അംഗീകാരം സംബന്ധിച്ച രേഖകൽ ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 41/ 30.10.2021 ) നഗരസഭ മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

ആയതിനാൽ മേൽ പറഞ്ഞ എല്ലാ വിഭാഗത്തിലേയും ദിവസവേതനത്തിനായി ആകെ ചെലവഴിച്ച 1892284 രൂപ(475974 + 197288 + 294861 + 144843 +173143 + 167535 + 438640)യുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - അവലോകനം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ പട്ടിക 1 ലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും നഗരസഭകളുടെ അനിവാര്യ ചുമതലയാണ്. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി നഗരസഭ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവു വിളക്കുകളുടെ വിവരം

നഗരസഭയിൽ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തെരുവു വിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജിന്റെ കൃത്യതയും ഉറപ്പാക്കാനായി വൈദ്യുതി ബോർഡുമായി ചേർന്ന് നഗരസഭ സംയുക്ത പരിശോധന നടത്തിയിട്ടില്ല. അതിനാൽ യഥാർത്ഥത്തിൽ നിലവിലുള്ള വിളക്കുകളുടെ വിവരം ലഭ്യമായില്ല.

ബി. തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2019-20 വർഷത്തിൽ 4,140,447.00രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവു വിളക്കുകളുടെ കൃത്യത ഉറപ്പാക്കാതെ കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്യുന്ന തുക അടവാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ആയതിനാൽ നിലവിലില്ലാത്ത വിളക്കുകൾക്കും തുക ഒടുക്കേണ്ടി വരുന്നുണ്ട്.

സി. മീറ്റർ സ്ഥാപിച്ചതിന്റെ വിവരം

വളരെ കുറച്ച് തെരുവ് വിളക്കുകൾക്ക് മാത്രമേ നാളിതുവരെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളൂ. എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിലാക്കുകയും ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ മാറ്റി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുകയും ചെയ്താൽ വൈദ്യുത ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് വരുത്താവുന്നതാണെന്ന് വിലയിരുത്തുന്നു.

ഡി. ഓഡിറ്റ് നിർദ്ദേശം

- നഗരസഭയിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് വൈദ്യുതി ചാർജ്ജ് ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള വിളക്കുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## 1-28 പെൻഷൻ കോൺട്രിബ്യൂഷൻ, എൻ.പി.എസ്. വിഹിതം എന്നിവയുടെ വിശദാംശങ്ങൾ

നഗരസഭ തൻവർഷം ജീവനക്കാരിൽ നിന്നും ഈടാക്കുകയും ഒടുക്കുകയും ചെയ്ത പെൻഷൻ കോൺട്രിബ്യൂഷൻ, നാഷണൽ പെൻഷൻ പദ്ധതി വിഹിതം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | വൗച്ചർ നം.,തിയ്യതി | ചലാൻ നം. തിയ്യതി | തുക |
|---|---|---|---|
| 1 | 37/8.4.2019<br>Pension Contribution | 994077/8.4.19 | 118867/- |
| 2 | 43/8.4.19<br>Contributory Pension | 994080/8.4.19 | 983343/- |
| 3 | 140/7.5.19<br>Contributory Pension | 154421/7.5.19 | 102442/- |
| 4 | 134/7.5.19<br>Pension Contribution | 3084877/7.5.19<br>STSB | 108319/- |
| 5 | 262/12.6.19- Pension Contribution | XY3984854/STSB | 108290/- |
| 6 | 270/12.6.19<br>Contributory Pension- ( May-19) | 159474/SBI | 100734/- |
| 7 | 339/9.4.19<br>Pension Contribution ( June -19) | XY3084592/9.7.19 | 108432/- |
| 8 | 347/9.7.19 ( Contributory Pension) | 19505/9.7.19 ( SBI) | 95644/- |
| 9 | 351/12.7.19<br>Amount Transfered To Kerala Gramin Bank A/C No.402681001052705 -Pension Fund | 159507/12.7.19 ( SBI) | 1784324/- |
| 10 | 419/7.8.19<br>Pension Contribution | XY 3084899/7.8.19 | 106831/- |

| | | | |
|---|---|---|---|
| 11 | 433/8.8.19<br>Contributory Pension | 332020/8.8.19 ( SBI) | 95390/- |
| 12 | 599/23.09.19<br>Pension Contribution | Xy 5173116 (STSB) | 152363/- |
| 13 | 621/24.9.19<br>Contributory Pension | 332085/24.9.19 | 98762/- |
| 14 | 689/16.10.19<br>Pension Contribution | Xy5173120 STSB | 22183/- |
| 15 | 696/16.10.19<br>Contributory Pension) | 598086/16.10.19 | 99324/- |
| 16 | 786/8.11.19<br>PF &PFLR | Yb/xy 5173124TSB | 217546/- |
| 17 | 787/8.11.19<br>Pension Contribution | Yb/xy 5173124TSB | 114513/- |
| 18 | 796/8.11.11<br>Contributory Pension | 578118/SBI | 99368/- |
| 19 | 898/07.12.19<br>Contributory Pension-NOV-19 | 578137/7.12.19 SBI | 99506/- |
| 20 | 900/7.12.19<br>Pension Cointribution | XY5173131/ 7.12.19 | 106208/- |
| 21 | 990/7.1.2020<br>PF & PFLR | Xy5173138/7.1.2020 | 193414/- |
| 22 | 991/7.1.2020<br>Pension Contribution | Xy5173138/7.1.2020 | 92388/- |
| 23 | 994/7.1.2020<br>Ciontributory Pension ( DEC-19) | 518177/7.01.2020 | 95501/- |
| 24 | 1097/7.2.2020<br>Contributory Pension | 771184/07.02.2020 SBI | 89944/- |
| 25 | 1212/6.3.2020<br>Pension Contribution | Xy5173153 TSB | 105567/- |
| 26 | 1219/6.3.2020<br>Contributory Pension | 771247/6.3.2020 | 91738/- |

പെൻഷൻ കോൺട്രിബ്യൂഷൻ, കോൺട്രിബ്യൂട്ടറി പെൻഷൻ തുടങ്ങിയവയുടെ അടവ് വിവരം, ഇനി അടവാക്കാനുള്ള തുകയുടെ വിശദാംശങ്ങൾ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. വിവരങ്ങൾ കൃത്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല

നഗരസഭയിലെ മുൻകൂർ രജിസ്റ്ററിൽ 2018-19, 2019-20 വർഷങ്ങളിലെ മുൻകൂർ വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിലെ മുൻകൂർ രജിസ്റ്റർ ലഭ്യമല്ല. 2019-20 വർഷത്തെ രജിസ്റ്റർ പ്രകാരം 01.4.2019 ൽ 995591 രൂപ ക്രമീകരിക്കാൻ ബാക്കിയുണ്ട്. രജിസറ്ററിൽ വർഷം തിരിച്ച് സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

മേൽ പറഞ്ഞ മുൻബാക്കി തുകക്ക് പുറമേ 2019-20 സാമ്പത്തിക വർഷത്തിൽ ക്രമീകരിക്കാത്ത മുൻകൂർ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | വൌച്ചർ നമ്പർ&തീയ്യതി | തുക | കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | എന്താവശ്യത്തിന് |
|---|---|---|---|---|
| 1 | 509/14.09.19 | 15000/- | ശ്രീ സുരേഷ്, എ.പി. HI | സ്വാതന്ത്ര്യ ദിനാഘോഷത്തിന് നൽകിയ തുക |
| 2 | 510/5.09.19 | 5000/- | ശ്രീ സുരേഷ്, എ.പി. HI | വാഹനം റിപ്പയർ |
| 3 | 728/25.10.19 | 10000/- | ശ്രീ ജയപ്രകാശ്, ഡ്രൈവർ | ലോറി റിപ്പയർ |
| 4 | 734/25.10.19 | 50,000/- | ശ്രീ അനിൽകുമാർ JHI | കേരളോത്സവം നടത്തുന്നതിന് നൽകിയ തുക |
| 5 | 788/13.11.19 | 50,000/- | ശ്രീ അനിൽകുമാർ JHI | കേരളോത്സവം നടത്തുന്നതിന് നൽകിയ തുക |
| 6 | 806/13.11.19 | 100000/- | മുനിസിപ്പൽ എഞ്ചിനീയർ | സർവർ റൂമിലേക്ക് ബാറ്ററി വാങ്ങുന്നതിന് നൽകിയ തുക |
| 7 | 851/21.11.19 | 50,000/- | ശ്രീ അനിൽകുമാർ JHI | കേരളോത്സവം നടത്തുന്നതിന് നൽകിയ തുക |
| 8 | 1021/20.01.20 | 40,000/- | ശ്രീമതി വിനിത. വി, ക്ലാർക്ക് | തെരഞ്ഞെടുപ്പ് ചെലവിന് മുൻകൂർ നൽകിയ തുക. |
| 9 | 1160/27.02.20 | 16395/- | ശ്രീ മുഹമ്മദ് | വാഹന |

| | | | | |
|---|---|---|---|---|
| | | | സലീം, ഡ്രൈവർ | ഇൻഷൂറൻസ് തുക ഒടുക്കുന്നതിന് മുൻകൂർ നൽകിയ തുക |
| 10 | 1451/23.03.20 | 100000/- | ശ്രീ റഫീക്ക്, HI | കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി മുൻകൂർ നൽകിയ തുക |
| 11 | 1452/23.03.20 | 40,000/- | ശ്രീമതി വിനിത. വി, ക്ലാർക്ക് | തെരഞ്ഞെടുപ്പ് ചെലവിന് മുൻകൂർ നൽകിയ തുക. |

ജി.ഒ(പി) 419/2011/ധനം 4.10.11 പ്രകാരം വർക്ക് അഡ്വാൻസുകൾ, താത്കാലിക അഡ്വാൻസുകൾ (KFC Annexure 99 പ്രകാരമുള്ളത്) എന്നിവ കൈപ്പറ്റി 3 മാസത്തിനകം ബിൽ നൽകി തുക ക്രമീകരിക്കണം. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെന്റ് സമർപ്പിക്കാത്ത പക്ഷം മുഴുവൻ അഡ്വാൻസ് തുകയും 18 % പലിശ സഹിതം തിരിച്ചുപിടിക്കേണ്ടതാണ്. മുൻകൂറുകൾ ക്രമീകരിക്കുന്നതിന് ആവശ്യമായ നിയമാനുസൃത നടപടികൾ അടിയന്തിരമായി സ്വീകരിച്ച് തുക ക്രമീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 നഗരസഭയുടെ ഔദ്യോഗിക വാഹനങ്ങൾ- ചട്ടപ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കണം

സ.ഉ (എം.എസ്) 170/07, തീയ്യതി30.06.2007 നമ്പർ ഉത്തരവിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് വിശദമായ മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്.2000 ലെ മുനിസിപ്പാലിറ്റികളിലെ വാഹന പരിപാലനത്തിനായുള്ള കേരള മുനിസിപ്പാലിറ്റി ( വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ) ചട്ടങ്ങളും നിലവിലുണ്ട് . വാഹന ഉപയോഗം സംബന്ധിച്ച മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമായി വിശദാംശങ്ങൾ രേഖപ്പെടുത്തി പരിപാലിച്ച പോരേണ്ടതുണ്ട്.

(1)വെഹിക്കിൾ ഹിസ്റ്ററി ബുക്ക്

( 2)ഇന്ധന ഓർഡർ ബുക്ക് ( പെട്രോൾ, ഡീസൽ, ഗ്യാസ് ഓയിൽ),

(3) റിപ്പയർ രജിസ്റ്റർ,

(4) സ്റ്റോക്ക് രജിസ്റ്റർ,

(5) ഇന്ധനത്തിന്റേയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ

(6) ഓരോ അർദ്ധവർഷത്തിന്റേയും ആരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച

മുൻ അർധ വർഷത്തെ ചെലവിന്റേയും വരവിന്റേയും റിപ്പോർട്ട്.

( 7) ഇന്ധനക്ഷമതാ ടെസ്റ്റ് സാക്ഷ്യ പത്രം .

ഒറ്റപ്പാലം നഗര സഭയുടെ ഉടമസ്ഥതയിലുള്ള KL51- 5119, KL51-6702,KL51k-6350 KL9R-1910,KL95-7444 എന്നീ വാഹനങ്ങളുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 28/29.10.2020) നഗരസഭ മറുപടി നൽകുകയോ രജിസ്റ്ററുകൾ ഹാജരാക്കുകയോ ചെയ്തില്ല. മേൽ പറഞ്ഞ രജിസ്റ്ററുകൾ പരിപാലിച്ച് പോരേണ്ടതാണ്.

1-31 സംരക്ഷണഭിത്തിയ്ക്ക് വേണ്ടി മൺപണി അധികം നടത്തിയിരിക്കുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

താഴെരേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയിൽ സംരക്ഷണഭിത്തിയ്ക്ക് വേണ്ടി മൺപണി നടത്തിയ പല ഭാഗങ്ങളിലും കരിങ്കല്ല് കെട്ടിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO239/20- ചക്കാലക്കുണ്ട് കരണ്ടിപ്പുറം റോഡ്പ്രവൃത്തികൾ , കുണ്ടിൽപ്പാടം റോഡ് സംരക്ഷണഭിത്തി |
| അടങ്കൽ, ഫണ്ട് ഇനം | 1171000രൂ , MG(R) |
| എഗ്രിമെന്റ് നം,തീയ്യതി | 24/18-19/AE/LSGD/dt. 5-8-2018 |
| കരാറുകാരൻ | കെ.ടി .മുഹമ്മദ് ബഷീർ |
| പ്രവൃത്തി മൂല്യം | 785220 |
| എം.ബുക്ക് | 51/18, 52/18 |
| ബിൽ നം.തീയ്യതി, തുക | No.203/19,7-3-2019, Rs.342947, No. 82/15-11-19, Rs.442273 |

റോഡ് റീടാറിങ്ങ്, സംരക്ഷണഭിത്തി നിർമാണം, റോഡ് കോൺക്രീറ്റ് എന്നീ ഇനങ്ങളാണ് മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംരക്ഷണഭിത്തി നിർമിക്കുന്നതിനായി മൺപണി നടത്തിയ നീളത്തിൽ കുറച്ച് ഭാഗത്ത് മുകളിലേക്ക് കരിങ്കല്ല് കെട്ട് നടത്തിയിട്ടില്ല. ടി ഭാഗത്ത് ആവശ്യമില്ലാതെ മൺപണി നടത്തി വെറുതെ ഇട്ടിരിക്കയാണ്. ആയതിനാൽ ടി ഭാഗത്ത് മൺപണി നടത്തിയതിന് ചെലവായ തുക പാഴ്ച്ചെലവായി കാണുന്നു. ആകെ മൺപണി നടത്തിയ205.8 മീറ്ററിൽ മുകളിലേക്ക് കരിങ്കല്ല് കെട്ടാത്ത ഭാഗത്തിന്റെ അളവുകൾ ചുവടെ ചേർക്കുന്നു.

| നീളം | വീതി | താഴ്ച | വ്യാപ്തം(ക്യുബിക്ക് മീറ്ററിൽ) |
|---|---|---|---|
| 6.5 | 0.5 | 0.5 | 1.62 |
| 7.3 | 0.5 | 0.5 | 1.82 |
| 19.7 | 0.6 | 0.5 | 5.91 |
| 18.8 | 0.6 | 0.55 | 6.2 |
| 30 | 0.6 | 0.5 | 9 |
| 23 | 0.6 | 0.5 | 6.9 |
| | | | 31.45 |

മേൽസൂചിപ്പിച്ച 31.45 ക്യൂബിക്ക് മീറ്ററിന് കരാറുകാരൻ സമ്മതിച്ച നിരക്ക് 213.79 രൂ. നിരക്കിൽ ആകെ 6723 രൂ. അധികം നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 40/29-10-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 6723 രൂ. ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

(ഭാഗം 3-1ൽ വിശദവിവരം ചേർത്തിട്ടുണ്ട് .)

1-32 കരാറുകാർ പ്രവർത്തികൾ ഏറ്റെടുത്തില്ല. ബിറ്റുമിൻ ഇപ്പോഴും അവശേഷിക്കുന്നു.

2018-19സാമ്പത്തിക വർഷത്തെ പ്രവർത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടാർ ഡിപ്പാർട്ട്മെന്റലായി വാങ്ങി നല്കുവാനാണ് പദ്ധതി. ആയത് പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടായി താഴെ പറയും പ്രകാരം വാങ്ങിയ ബിറ്റുമിൻ 03-03-2020 വരെ വിതരണം ചെയ്തിട്ടുണ്ട്. മൂന്ന് ഇനങ്ങളിലായി വാങ്ങിയതിന്റെയും അവശേഷിക്കുന്നതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

2018-19 സാമ്പത്തിക വർഷത്തെ വരവ്

| തരം | തീയ്യതി | ഇൻവോയ്സ് നം. | കിലോ ഗ്രാം | ബാരൽ |
|---|---|---|---|---|
| RS1, | 6-5-2019 | 4207112785 | 4,000 | 20 |
| SS1, | 6-5-2019 | 4207112786 | 2363.4 | 13 |
| VG30 | 6-5-2019 | 1189GI19000387 | 15532.8 | 96 |
| | 14-5-2019 | 1189GI19000387 | 15532.8 | 96 |
| | 21-5-2019 | 31833GI19000782 | 6310.2 | 39 |

2019-20 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം )

| തരം | തീയ്യതി | കിലോ ഗ്രാം | ബാരൽ |
|---|---|---|---|
| RS1, | 3-3-2020 | 566.95 | 3.2 |
| SS1, | | 532.54 | 2.93 |
| VG30 | | 5631.03 | 34.8 |

ഒരു വർഷത്തിലധികമായി സ്റ്റോക്കിൽ ഉൾപ്പെട്ട ടി ബിറ്റുമിൻ നഷ്ടമാകാതെയിരിക്കുവാൻ സ്വീകരിച്ച നടപടികൾ, ടെൻഡർ സ്വീകരിച്ച് കരാറിൽ ഏർപ്പെടാത്തവരുടെ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതിന് ഓഡിറ്റ് അന്വേഷണം നം.44/30-10-2021 മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് മൂന്ന് പ്രവൃത്തികൾ 2018-19 സാമ്പത്തിക വർഷത്തിൽ ടെൻഡർ റീടെൻഡർ ചെയ്തുവെങ്കിലും ആരും തന്നെ പ്രവൃത്തി ഏറ്റെടുത്തിരുന്നില്ല എന്നും തുടർന്ന് ഓഫർ നടപടികൾ സ്വീകരിച്ചിട്ടും കാര്യമായ പ്രതികരണം ലഭിച്ചിരുന്നില്ല എന്നും വിശദീകരണം നല്കിയിട്ടുണ്ട്.

നിലവിലുള്ള സ്റ്റോക്ക് പ്രകാരം സ്ഥാപനത്തിന് താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

സ്ഥാപനം 2018-19 സാമ്പത്തിക വർഷം വാങ്ങിയ വില കിലോഗ്രാമിന്

| | ബാരൽ നിരക്ക് (ചെലവുകളുമുൾപ്പെടെ) | കിലോഗ്രാമിന് നിരക്ക് |
|---|---|---|
| RS1, | 6176.39 | 38.17 |

| | | |
|---|---|---|
| SS1, | 12140.35 | 66.78 |
| VG30 | 8169.62 | 40.85 |

സ്ഥാപനം 2018-19 സാമ്പത്തിക വർഷം വാങ്ങിയ പ്രകാരം സ്റ്റോക്ക് പ്രകാരം നീക്കിയിരിപ്പുള്ള ടാറിന്റെ മതിപ്പു വില

| | കിലോഗ്രാം | നിരക്ക് | തുക |
|---|---|---|---|
| RS1, | 566.95 | 38.17 | 21640.48 |
| SS1, | 532.54 | 66.78 | 35563.02 |
| VG30 | 5631.03 | 40.85 | 230027.58 |
| ആകെമതിപ്പു വില | | | 287231.08 |

മേല്പ്പറഞ്ഞ പ്രകാരമുള്ള തുകയ്ക്കുള്ള ബിറ്റുമിൻ സ്ഥാപനത്തിലുള്ളത് ക്രമീകരിക്കപ്പെടേണ്ടതാണ്. എന്നാൽ 2018-19 വർഷം കരാർ ചമച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടും ഓഡിറ്റ് വർഷം (2019-20ൽ) ടി പ്രവൃത്തികൾക്കായി 4340.65 Kg VG30യും 421.88kg RS1 എമൾഷനും വാങ്ങിയതിന്റെ ഉത്തരവാദിത്തം കണക്ക് നല്കിയ എഞ്ചിനീയർക്കും ബിറ്റുമിൻ വാങ്ങിയ സെക്രട്ടറിക്കുമായിരിക്കും.

മേല്പ്പറഞ്ഞ സ്റ്റോക്ക് പ്രകാരം നീക്കിയിരിപ്പുള്ള ബിറ്റുമിൻ മതിപ്പു വിലയ്ക്ക് അനുസൃതമായി സ്ഥാപനത്തിന് നഷ്ടം വരാതെ ക്രമീകരിക്കുവാൻ വേണ്ട സത്വര നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്.

## 1-33 മീറ്റന ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുവാന് മുൻകൂർ അനുവദിച്ച് നല്കിയ തുക ഈടാക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ (SO305/19, 247/20) പ്രകാരം ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുവാനായി നിർമ്മിതി കേന്ദ്രയ്ക്ക് 55000/- രൂപ മുൻകൂർ ആയി ബിൽനം. 41/16.7.2019 മുഖേന മുൻസിപ്പൽ എഞ്ചിനീയർ അനുവദിച്ച് നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ആരംഭിക്കുവാനായി വന്നപ്പോൾനാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് ടി സ്ഥലത്ത് ബസ്സ്റ്റോപ്പിന് പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഫയൽ വിശദമായി പരിശോധിച്ചതിൽ പൂർത്തീകരണ കാലാവധിക്ക് ശേഷമാണ് നിർമ്മിതി കേന്ദ്ര നിർവ്വഹണവുമായി മുന്നോട്ട് വന്നത് എന്ന് കാണുവാൻ കഴിഞ്ഞു. ആയത് സംബന്ധിച്ച് 30.10.2021 ന് 45-ാംനമ്പർ ആയി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടക്കാത്ത സാഹചര്യത്തിൽ ടി തുക നിർമ്മിതി കേന്ദ്രയുടെ പക്കൽ നിന്നും അടിയന്തിരമായി ഈടാക്കി പദ്ധതി ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-34 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

താഴെരേഖപ്പെടുത്തിയിരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ പേര് | ബിൽ തുക | ബിൽ വിവരങ്ങൾ |
|---|---|---|
| 236/20- പള്ളിമുക്ക് പോക്കറ്റ് റോഡ് , കുണ്ടുപറമ്പ് ബൈലൈൻ റോഡ് | 417764 | 81/14-11-2019, 240586<br>92/27-2-2020, 177178 |
| 80/20-ബധിരമൂക വിദ്യാലയം ഇന്റേണൽ റോഡുകളുടെ പുനരുദ്ധാരണം | 261729 | 95/27-2-2020, 261729 |

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 48/27-10-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ഫയലുകൾ പരിശോധനയ്ക്ക് ലഭ്യാമാക്കുന്നതുവരെ ആകെ ചെലവ് തുക 679493രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

1-35 പകൽ വീട് സംബന്ധിച്ച ചെലവുകളിൽ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

വയോജനങ്ങൾക്ക് പകൽ വീട് ഒരുക്കൽ എന്ന പ്രോജക്ടിനായി(നം.259/20) താഴെസൂചിപ്പിച്ച പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

| ബിൽ നമ്പർ, തീയ്യതി | തുക | വിനിയോഗ വിവരങ്ങൾ |
|---|---|---|
| 162/18-19/ 28-1-2019 | 28440 | വാടക നൽകുന്നതിനായി |
| 3/19-20/30-4-2019 | 49519 | ഫർണിച്ചർ വാങ്ങൽ |
| 4/19-20/30-4-2019 | 20266 | സാധനങ്ങൾ വാങ്ങൽ |
| 12/19-20/30-4-2019 | 10665 | സാധനങ്ങൾ വാങ്ങൽ |
| ആകെ | 108890 | |

ഈ പ്രോജക്ട് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

--- വയോജനങ്ങൾക്ക് പകൽവീട് ഒരുക്കുന്നതിനായി നഗരസഭാ പരിധിയിൽ ഒരു വീട് വാടകയ്ക്ക് എടുക്കുകയും 18/4/2018 ൽ ഇതു സംബന്ധിച്ച് എഗ്രിമെന്റ് മുനിസിപ്പൽ എഞ്ചിനീയറും ശ്രീമതി കനി.കെ എന്നവരും ചേർന്ന് ഒപ്പുവെച്ചിട്ടുണ്ട്. ടി തീയ്യതി മുതൽ 11മാസത്തേക്കാണ് വാടകക്കാരാർ ചമച്ചിട്ടുള്ളത്. എന്നാൽ പിന്നീട് എഗ്രിമെന്റ് പുതുക്കിയിട്ടില്ല. എന്നിരുന്നാലും എഗ്രിമെന്റ് പ്രാബല്യത്തിൽ ഇല്ലാത്ത കാലത്തും ( 18-3-2019മുതൽ) ഇതിലേക്ക് ചെലവുകൾ നടത്തുകയും പ്രവർത്തനം തുടരുകയും ചെയ്തിട്ടുണ്ട്.

--- പകൽ വീടിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി 49519രൂ. ചെലവഴിച്ചിട്ടുണ്ട്. താഴെരേഖപ്പെടുത്തിയിട്ടുള്ള ഫർണിച്ചറുകളാണ് വാങ്ങിയിട്ടുള്ളത്.

| ഇനം | എണ്ണം |
|---|---|
| സ്റ്റീൽ കോട്ട് | 2 |
| സ്റ്റീൽ ടേബിൾ | 1 |
| ബെഡ്ഡ് | 4 |
| തലയിണ | 2 |
| സ്റ്റീൽ കസേര | 6 |
| ബെഡ്ഡ് ഷീറ്റ് | 4 |

എന്നാൽ ടി ഫർണിച്ചർ സ്റ്റോക്കിലെടുത്തിട്ടില്ല. ആർക്ക് വിതരണം നടത്തി എന്നതു സംബന്ധിച്ചും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

--- 4-7-2019വരെ ഇതിന്റെ നിർവ്വഹണോദ്യോഗസ്ഥൻ അസി. എഞ്ചിനീയർ ആണ് എങ്കിലും പിന്നീട് പ്രോജക്ട് ഓഫീസർക്ക് നിർവ്വഹണത്തിന് ചുമതല നൽകുകയും തുടർപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരിക്കുന്നു. പിന്നീട് കോവിഡിന്റെ പശ്ചാത്തലത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ നിർത്തിവെച്ചിട്ടുണ്ട്. എന്നാൽ ഇതിലേക്കായി വാങ്ങിയ ഫർണിച്ചർ, മറ്റു സാധനങ്ങൾ എന്നിവ തിരികെ നഗരസഭയിലേക്ക് എടുത്തിട്ടില്ല. ടി ഫർണിച്ചർ, മറ്റു സാധനങ്ങൾ എന്നിവ ഇപ്പോൾ എവിടെയെന്നും വ്യക്തമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 46/28-10-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 108890 രൂ. തടസ്സത്തിൽ വെയക്കുന്നു.

## 1-36 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less . The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചത് ചുവടെ ചേർക്കുന്നു

1) പ്രൊജക്ട് നമ്പരും പേരും: 234/20- ജവഹർ നഗർറോഡ് പ്രവൃത്തിയും ചെമ്പുള്ളി ബൈലെയ്ൻ പ്രവൃത്തിയും

അടങ്കൽ: – 1300000, ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( 500000), മെയിന്റനൻസ് ഗ്രാന്റ്(700000)

ചെലവ്: 1137664,  ബിൽ നം.-56/14-8-19- 401709/-

ബിൽ നം.-57/22-7-2019- 186023

ബിൽ നം.-84/24-10-2018- 236291

ബിറ്റുമിൻ വിതരണം നടത്തിയതിന്റെ വില. 313641

കരാർ നം.14/AE/LSGD/OTP/7-9-2018 -(PAC): 1137664, കരാറുകാരൻ: എ.പി. സുബൈർ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 6-12-2018

സ്ഥലം കൈമാറിയ തീയ്യതി. 7-9-2018

പൂർത്തീകരിച്ച തീയ്യതി: 4-6-2019 , അളവു പുസ്തകം: 209/17-

ആകെ പ്രവൃത്തി മൂല്യം: 1137664

3 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കാൾ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ മുക്കാൽ  മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 11377 (PACയുടെ 1%)

രണ്ടാമത്തെ  മുക്കാൽ മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 22754 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 34131

ഈടാക്കിയത്: 0

ഈടാക്കിയതിൽ കുറവ്: 34131

2. പ്രൊജക്ട് നമ്പരും പേരും: 237/20- ശിവജിലെയ്ൻ, സൂര്യാ ലെയ്ൻ, കെ.പി.കെ. ലെയ്ൻ റോഡ്

പ്രവൃത്തികൾ

അടങ്കൽ: – 950000, ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ് , മെയിന്റനൻസ് ഗ്രാന്റ്

ചെലവ്: 796905, .ബിൽ നം.-181/31-1-19- 529426/-

ബിൽ നം.-38/18-7-2019- 127911

കരാർ നം.11/AE/LSGD/OTP/6-9-2018 -(PAC): 906419,

കരാറുകാരൻ: K.ഹംസ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 5-12-2018

സ്ഥലം കൈമാറിയ തീയ്യതി. 6-9-2018

പൂർത്തീകരിച്ച തീയ്യതി: 13-3-2019 , അളവു പുസ്തകം: 17/2018

ആകെ പ്രവൃത്തി മൂല്യം: 796905

3 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കാൾ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ മുക്കാൽ  മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 9064 (PACയുടെ 1%)

രണ്ടാമത്തെ   മുക്കാൽ മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 18128 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 27192

ഈടാക്കിയത്: 0

ഈടാക്കിയതിൽ കുറവ്: 27192

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24/28-10-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ആകെ ഈടാക്കേണ്ട തുക 61323രൂ. ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-37 മരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റ് നിശ്ചിത സമയത്ത് വെക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | 181/20- പാലപ്പുറം ജി.ജെ.ബി. സ്കൂൾ പുനരുദ്ധാരണ പ്രവൃത്തികൾ<br>250150<br>ബിൽ നം.-9/29-4-19-244543/- | 22-10-2018 | 22-10-2018 | 48/AE/LSGD /OTP/3-12-2018<br>കൃഷ്ണകുമാർ | 2501 | 0 | 2501 |
| 2. | 121/20-<br>നെല്ലിപ്പറ്റ വനിതാ വ്യവസായ കേന്ദ്രം പുനരുദ്ധാരണ പ്രവൃത്തികൾ<br>377953<br>ബിൽ നം.-8/2-8-19-377952/- | 22-10-2018 | 22-10-2018 | 55/AE/LSGD /OTP/7-1-201 9<br>ഉണ്ണികൃഷ്ണൻ | 3779 | 0 | 3779 |
| 3. | 234/20- ജവഹർ നഗർറോഡ് പ്രവൃത്തിയും ചെമ്പുള്ളി ബൈലെയ്ൻ പ്രവൃത്തിയും<br>1137663 | 8-8-2018 | 8-8-2018 | 14/AE/LSGD /OTP/7-9-2018<br>സുബൈർ.എ.പി | 11377 | 0 | 11377 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബിൽ നം.-56/14-8-19-401709/-<br>ബിൽ നം.-57/22-7-2019-186023 | | | | | | |
| 4. | 237/20- ശിവജിലെയ്ൻ, സൂര്യാ ലെയ്ൻ, കെ.പി.കെ. ലെയ്ൻ റോഡ് പ്രവൃത്തികൾ<br>797785<br>ബിൽ നം.-181/31-1-19-529426/-<br>ബിൽ നം.-38/18-7-2019-127911 | 6-8-2018 | 6-8-2018 | 11/AE/LSGD /OTP/6-9-2018<br>കെ.ഹംസ | 7978 | 0 | 7978 |
| 5. | 175/20-<br>പാലാട്ട് റോഡ് ബൈലെയ്ൻ കോൺക്രീറ്റ്<br>1077543<br>ബിൽ നം.-18/6-6-19-210000/-<br>ബിൽ നം.-28/28-6-2019-492011<br>ബിൽ നം.-170/28-1-2019-210736<br>(164796രൂപയുടെ ബിറ്റുമിൻ സ്ഥാപനം നൽകിയിട്ടുണ്ട്) | 4-8-2018 | 4-8-2018 | 17/AE/LSGD /OTP/12-9-2018<br>കെ.ഉണ്ണികൃഷ്ണൻ | 10775 | 0 | 10775 |
| 6. | 242/20- നായാടി ക്കുഴി റോഡ് പ്രവൃത്തിയും കിഴക്കേക്കര കരണ്ടിപ്പുറം റോഡ് പ്രവൃത്തിയും<br>1252466<br>ബിൽ നം.-47/18-7-19-820000/- | 3-1-2019 | 3-1-2019 | 67/AE/LSGD /OTP/14-2-2019<br>കെ.ഹംസ | 12525 | 0 | 12525 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബിൽ നം.-48/18-7-2019-143334 | | | | | | |
| ആകെ ഈടാക്കേണ്ട പിഴ | | | | | | | 48935 |

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 23/28-10-2021, 42/30-10-2021എന്നിവയ്ക്ക് മറുപടി ലഭ്യാക്കിയിട്ടില്ല. മേൽസൂചിപ്പിച്ച പ്രവൃത്തികളിൽ നിന്ന് പിഴ ഇനത്തിൽ ആകെ ഈടാക്കേണ്ട തുക 48935രൂ. ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-38 കെ.എസ്.ഇ.ബി- വിവിധ ഡെപ്പോസിറ്റ് പ്രവൃർത്തികൾക്ക് കരാർ ചമച്ചിട്ടില്ല:-

നിർവ്വഹണഉദ്യോഗസ്ഥൻ- മുൻസിപ്പൽ എഞ്ചിനീയർ

പ്രോജക്റ്റ് /നം- വിവിധ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റൽ (19/2020)

അടങ്കൽ- 500000/-രൂപ

പ്രോജക്റ്റ് /നം- വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (322/2020)

നം.അടങ്കൽ- 500000/-രൂപ

ബിൽനം.83/2019-20 18-1-2020-500000/-

ബിൽനം.84/2019-20 18-1-2020 500000/

മേല്പ്പറഞ്ഞ ബില്ലുകൾ പ്രകാരം കെ.എസ്.ഇ.ബിക്ക് 1) ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും

2) വൈദ്യുതിലൈൻ ദീർഘിപ്പിക്കുന്നതിനുമായി പ്രോജക്റ്റ് വച്ച് മേല്പ്പറഞ്ഞ പ്രകാരം തുക നല്കിയിട്ടുണ്ട്. എന്നാൽ ചട്ടപ്രകാരം കരാർ ചമച്ചിട്ടില്ല. ടി വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നം.49/30-10-2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-39 കേരള വാട്ടർ അതോറിട്ടി-ഡെപ്പോസിറ്റ് വർക്കുകൾ അപാകതകൾക്ക് വിശദീകരണം നല്കിയില്ല.

നിർവ്വഹണഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്റ്റ്- വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ (നം.15/2020)

അടങ്കൽ. Rs.11,00,000/-

ബിൽനം. 79/19-20

തുക,തീയ്യതി. Rs.8,00,000/- 7-11-2019,

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേക്ക് മുൻസിപ്പാലിറ്റിയുടെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിലേക്ക് പൈപ്പ് ലൈൻ നീട്ടുവാൻ ആവിഷ്ക്കരിച്ച പ്രോജക്റ്റാണിത്. സി.എഫ്.സി.ഗ്രാന്റ് ഉപയോഗിച്ച് ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്ന ഈ പ്രോജക്റ്റിന്റെ നടത്തിപ്പ് സംബന്ധിച്ച് തുക കൈപ്പറ്റിയ അസിസ്റ്റന്റ് എക്സിക്കുട്ടിവ് എഞ്ചിനീയർ വാട്ടർ അതോറിട്ടി ഷൊർണ്ണൂരുമായി കരാറുടമ്പടി ചമച്ചിട്ടില്ല. പ്രവൃർത്തി എപ്പോൾ തീർക്കുമെന്നോ അവശേഷിക്കുന്ന തുക എപ്പോൾ കൈമാറണമെന്നോ ഒരു ധാരണയും ഇല്ലാതെയാണ് തുക കൈമാറിയിരിക്കുന്നത്. ചട്ടപ്പ്രകാരമുള്ള മേഖല അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പ്രോജക്റ്റ് ലാഘവപൂർവ്വം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് 1-11-2019ന് 50-ാം നമ്പർ ആയി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-40 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് ഓഫീസർ ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20ൽ നടപ്പാക്കിയ “SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് " എന്ന പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 192 | 390000 (പദ്ധതി വിഹിതം എസ്.സി.പി) | 384800 | 1/19-20 Dt 8.5.19 |

പദ്ധതി പ്രകാരം 13 വിദ്യാർത്ഥികൾക്ക് 30000 രൂപയിൽ അധികരിക്കാത്ത ലാപ്ടോപ്പുകൾ കെൽട്രോൺ സെറാമിക്സ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങാൻ വിഭാവനം ചെയ്തത്. പ്രസ്തുത സാധനങ്ങൾ സപ്ലൈ ചെയ്യാൻ സാധിക്കില്ല എന്ന് സ്ഥാപനം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ PKDBC/0000427

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| Lenova-Model V130 | 13 | 25084.75 | 326101.70 |
| CGST | | | 29349.15 |
| SGST | | | 29349.15 |
| TOTAL | | | 384800.00 |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ(സാധാ) നം.3299/2016/ത.സ്വ.ഭ.വ തീയ്യതി 2.12.2016 പ്രകാരം ഗവ.അംഗീകൃത സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാമഗ്രികൾ മാത്രമേ വാങ്ങാൻ പാടുള്ളൂ. അങ്ങനെയല്ലാത്ത സാമഗ്രികൾ നിർബന്ധമായും പരസ്യടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. ഇതിനു വിരുദ്ധമായി ലാപ്ടോപ്പുകൾ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെയാണ് വാങ്ങിയിരിക്കുന്നത്. ജി.ഒ (എം.എസ്) നം.24/2017/ITD തിയതി 18-11-2017 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും CPRCS മുഖേന വാങ്ങണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങി.

സ.ഉ.(പി) 118/2018/ ഫിൻ തിയ്യതി 03.08.2018 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തികൊണ്ടുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപനത്തിന് PMC ആയി പ്രവർത്തിക്കുന്നതിനും സ്വന്തമായി സാധനങ്ങൾ വിതരണം ചെയ്യുന്നതിനും അനുമതി നല്കുന്നതാണ്. നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്നും 50% ൽ അധികം സാധനങ്ങളോ സേവനങ്ങളോ തേർഡ് പാർട്ടിയിൽ നിന്നും വാങ്ങേണ്ടതുണ്ടെങ്കിൽ സാധനങ്ങളും സേവനങ്ങളും അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും വാങ്ങാവുന്നതല്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കെ.എസ്.ഐ.ഇ എന്ന സ്ഥാപനം ലാപ്ടോപ്പ് ഉൽപാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല

സ.ഉ(പി)നം.29/18/ഫിൻ തിയതി 28-2-2018 പ്രകാരം കെ.എസ്.ഐ.ഇ എന്ന സ്ഥാപനം അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത് "General Civil Works As PMC" എന്ന വിഭാഗത്തിലാണ്. സിവിൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് ആയി പ്രവർത്തിക്കുന്നതിനുള്ള സ്ഥാപനത്തിൽനിന്ന് ലാപ്ടോപ്പ്

വാങ്ങുന്നതിനായി തെരഞ്ഞെടുത്തത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല

2) 13 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 10 ലാപ്ടോപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

3)പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല

ഗുണഭോക്താക്കളുടെ അർഹതാരേഖകൾ പരിശോധിച്ചതിൽ പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.22/തസ്വഭവ,തീയതി 14.2.2018 പ്രകാരം യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയതിനുശേഷം മാത്രമാണ് ആനുകൂല്യങ്ങൾ നൽകാവുന്നത്. പാരലൽ കോളേജിൽ പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയില്ല.

| ഗുണഭോക്താവിന്റെ പേര് | കോഴ്സ് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| ജിഷ്ണുരാജ് യു.പി<br>ഉള്ളാട്ടുപറമ്പിൽ ഹൗസ്<br>പാലപ്പുറം പി.ഒ<br>ഒറ്റപ്പാലം | KGCE Automobile Engineering<br>2018-20 | Phoneti Engineering & Technical Institute<br>Kallekkad<br>Palakkad |
| വിപിൻരാജ് വി.പി<br>വെള്ളാട്ടുപടിക്കൽ ഹൗസ്<br>ഒറ്റപ്പാലം | MA ENGLISH | Global Distance Education<br>Mele Pattambi |
| അശ്വിൻ.ടി<br>തലക്കോട്ടുക്കുന്നത്ത്<br>ഒറ്റപ്പാലം | II B.COM COMPUTER | AMC Group Of Eduational Institutions<br>Manisseri<br>ഒറ്റപ്പാലം |
| വിഷ്ണുസുകുമാർ<br>ലക്ഷ്മി<br>കളരിത്തൊടി<br>ഒറ്റപ്പാലം | 3 Year Diploma Course In Tool & Die | Nettur Technical Training Foundation<br>Banglore |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/28.10.21) മറുപടിയൊന്നും ഹാജരാക്കിയില്ല.

സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ലാപ്ടോപ്പുകൾ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയതിനാൽ ചെലവഴിച്ച തുകയായ 384800 രൂപ തടസ്സപ്പെടുത്തുന്നു.വിതരണം ചെയ്യാതെ വച്ചിരിക്കുന്ന 3 ലാപ്ടോപ്പുകൾ അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരിച്ചടക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ജി.ഒ (എം.എസ്) നം.24/2017/ITD തിയതി 18-11-2017 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും CPRCS മുഖേന വാങ്ങണം എന്ന നിർദ്ദേശം

പാലിക്കേണ്ടതാണ്.

2)പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3)വിതരണം ചെയ്യാതെ വെച്ചിരിക്കുന്ന 3 ലാപ്ടോപ്പുകൾ വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്

1-40-1 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -വിദ്യാർത്ഥിനികൾ അല്ലാത്തവർക്ക് നൽകിയ ലാപ്ടോപ്പിന്റെ വില ഈടാക്കേണ്ടതാണ്.

പ്രൊജക്ട് ഓഫീസർ ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണ ഉദ്യോഗസ്ഥനായി SC വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് എന്ന പ്രൊജക്ട് 2019-20 ൽ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ -193

അടങ്കൽ-1020000 (പദ്ധതി വിഹിതം എസ്.സി.പി)

ചെലവ്-680800

ബിൽ നമ്പർ -2/19-20 Dt 8.5.19

പദ്ധതി പ്രകാരം 34 വിദ്യാർത്ഥിനികൾക്ക് 30000 രൂപയിൽ അധികരിക്കാത്ത ലാപ്ടോപ്പുകൾ കെൽട്രോൺ സെറാമിക്സ്, കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങാൻ വിഭാവനം ചെയ്തത്. പ്രസ്തുത സാധനങ്ങൾ സപ്ലൈ ചെയ്യാൻ സാധിക്കില്ല എന്ന് സ്ഥാപനം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ PKDBC/0000427

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| Lenova-Model V130 | 23 | 25084.75 | 576949.16 |
| CGST | | | 51925.42 |
| SGST | | | 51925.42 |
| TOTAL | | | 680800.00 |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ(സാധാ) നം.3299/2016/ത.സ്വ.ഭ.വ തീയ്യതി 2.12.2016 പ്രകാരം ഗവ.അംഗീകൃത സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാമഗ്രികൾ മാത്രമേ വാങ്ങാൻ പാടുള്ളൂ. അങ്ങനെയല്ലാത്ത സാമഗ്രികൾ നിർബന്ധമായും പരസ്യടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. ഇതിനു വിരുദ്ധമായി ലാപ്ടോപ്പുകൾ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെയാണ് വാങ്ങിയിരിക്കുന്നത്. ജി.ഒ (എം.എസ്) നം.24/2017/ITD തിയതി 18-11-2017 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും CPRCS മുഖേന വാങ്ങണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങി.

സ.ഉ.(പി) 118/2018/ ഫിൻ തിയ്യതി 03.08.2018 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തികൊണ്ടുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപനത്തിന് PMC ആയി പ്രവർത്തിക്കുന്നതിനും സ്വന്തമായി സാധനങ്ങൾ വിതരണം ചെയ്യുന്നതിനും അനുമതി നല്കാവുന്നതാണ്. നേരിട്ട് സാധനങ്ങളും സേവനങ്ങളും

നൽകുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്നും 50% ൽ അധികം സാധനങ്ങളോ സേവനങ്ങളോ തേർഡ് പാർട്ടിയിൽ നിന്നും വാങ്ങേണ്ടതുണ്ടെങ്കിൽ സാധനങ്ങളും സേവനങ്ങളും അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും വാങ്ങാവുന്നതല്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കെ.എസ്.ഐ.ഇ എന്ന സ്ഥാപനം ലാപ്ടോപ്പുകൾ ഉൽപാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല. സ.ഉ(പി)നം.29/18/ഫിൻ തിയതി 28-2-2018 പ്രകാരം കെ.എസ്.ഐ.ഇ എന്ന സ്ഥാപനം അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത് "General Civil Works As PMC" എന്ന വിഭാഗത്തിലാണ്.

2)2 വിദ്യാർത്ഥിനികൾ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ അവർക്ക് നൽകിയ ലാപ്ടോപ്പിന്റെ വിലയായ 59200 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ നൽകിയിട്ടുണ്ട്.

3)താഴെ പറയുന്ന വിദ്യാർത്ഥിനികൾ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല

| ഗുണഭോക്താവിന്റെ പേര് | കോഴ്സ് | സ്ഥാപനത്തിന്റെ പേര് | അപാകതകൾ |
|---|---|---|---|
| റീമ<br>മുല്ലശ്ശേരി പറമ്പിൽ ഹൗസ്<br>തോട്ടക്കര | Bachelor Of Software Engineering<br>2018 | UICT (Unique Institute Of Computer Technology), Kallai Road, Kozhikode | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല |
| അനുകൃഷ്ണ എൻ.കെ<br>കൃഷ്ണനഗർ<br>തോട്ടക്കര | III B.com<br>(2018-19) | ലക്ഷ്മി നാരായണ കോളേജ്, പാലപ്പുറം<br>ഒറ്റപ്പാലം | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല |
| അഞ്ജുകൃഷ്ണ എൻ.കെ<br>കൃഷ്ണനഗർ<br>തോട്ടക്കര | II B.com<br>(2018-19) | MES Women's College<br>ഒറ്റപ്പാലം | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല |
| ചൈതന്യ.വി.പി<br>വടക്കാട്ടുപറമ്പിൽ<br>പാലപ്പുറം | II B.com<br>(2018-19) | സദനം കോളേജ്<br>ഗാന്ധി സേവ സദൻ പി.ഒ<br>പത്തിരിപ്പാല | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല |
| വിപിന കെ.പി<br>കാട്ടാനപ്പടി<br>തോട്ടക്കര പി.ഒ | III B.com<br>(2018-19) | സദനം കോളേജ്<br>ഗാന്ധി സേവ സദൻ പി.ഒ<br>പത്തിരിപ്പാല | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല |
| പ്രസീദ.പി | III B.com | ലക്ഷ്മി | യൂണിവേഴ്സിറ്റി |

| | | | |
|---|---|---|---|
| പട്ടൻമാർത്തൊടി ഒറ്റപ്പാലം | (2018-19) | നാരായണ വനിത കോളേജ്, ഒറ്റപ്പാലം | രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല |
| നിമിഷ.സി കൊഴിഞ്ഞാപറമ്പിൽ ഹൗസ് ഒറ്റപ്പാലം | II B.com (2018-19) | MES Women's College ഒറ്റപ്പാലം | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല |
| വൈഷ്ണവി കളത്തിൽത്തൊടി തോട്ടക്കര പി.ഒ | TTC | LSNTTI ഒറ്റപ്പാലം | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/28.10.21) മറുപടിയൊ രേഖകളോ ഹാജരാക്കിയില്ല.സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ലാപ്പ്ടോപ്പുകൾ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയതിനാൽ നിരാകരിച്ച തുകയായ 59200 രൂപ കുറച്ചുള്ള തുകയായ 621600 രൂപ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ജി.ഒ (എം.എസ്) നം.24/2017/ITD തിയതി 18-11-2017 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും CPRCS മുഖേന വാങ്ങണം എന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

2)പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കണ്ടതാണ്.

3)നിരാകരിച്ച തുകയായ 59200 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-41 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും -പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും എന്ന പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 43 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും | 150000 (പദ്ധതി വിഹിതം -SCP) | 14830 ബിൽ നമ്പർ- 2/19-20 Dt 20.3.20 |

പ്രൊജക്ട് പ്രകാരം 3 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗുണഭോക്തൃലിസ്റ്റിനുസരിച്ച് പഠനമേശയും കസേരയും ആർട്കോയിൽ നിന്നും വാങ്ങാനാണ് വിഭാവനം ചെയ്തത്. പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

A) ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കാതെ സ്കൂളുകളിൽ നിന്നുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഫർണ്ണിച്ചറുകൾ വിതരണം ചെയ്തിരിക്കുന്നത്.

B) ആർട്കോയുടെ ഒറിജിനൽ ബിൽ ഓഡിറ്റിന് ഹാജരാക്കിയില്ല.

C) സ.ഉ (കൈ) നം.22/2018/തസ്വഭവ തീയ്യതി 14.2.18ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി വകുപ്പിൽ നിന്നോ പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും നൽകാൻ പാടില്ല. ആയതിനുള്ള സാക്ഷ്യപത്രം വാങ്ങാതെയാണ് ഫർണ്ണിച്ചറുകൾ വിതരണം ചെയ്തിരിക്കുന്നത്.

D)സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തിരുവനന്തപുരം തീയ്യതി 14.2.2018 ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ (മേശയും കസേരയും) വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ആയത് പാലിച്ചിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/28.10.21) മറുപടിയൊന്നും ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുകയായ 14830 രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1)ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ നിന്നും ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകേണ്ടതാണ്.
2)പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ (മേശയും കസേരയും) വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യേണ്ടതാണ്.

1-42 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- അപാകതകൾ പരിഹരിക്കണം.

| | |
|---|---|
| 1 .പ്രോജക്ട് നമ്പർ | 61/ 20 SC |
| പ്രൊജക്ടിന്റെ പേര് | SCവിദ്യാർഥികൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 340545 (എസ് സിപി) |
| ചെലവ് | 340545 /-<br>ട്രഷറി ബിൽ നമ്പർ 2/07/01/20 |
| വിതരണ ഏജൻസി | കെൽട്രോൺ |
| ഇൻവോയ്സ് നമ്പർ | TVM/ITVG/PI/RC/13110 /19/20 തിയ്യതി 30/12/19 |
| ലാപ്ടോപ്പിന് ഒന്നിന്റെ വില | 22703 രൂപ |

മേൽ പറഞ്ഞ പ്രകാരം 15 ലാപ്പ് ടോപ്പിന്റെ വിലയായി 340545 രൂപ കെൽട്രോണിന് നൽകി (എസ് ബി ഐ അക്കൗണ്ട് നമ്പർ 79901140003959 ) ആകെ വാങ്ങിയ 15 എണ്ണത്തിൽ 11 എണ്ണം മാത്രമാണ്

വിതരണം ചെയ്തത്. 4 എണ്ണം വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 11/28.10.21) നൽകിയ മറുപടിയിൽ വിതരണം ചെയ്യാതെ 4 എണ്ണം നിർവഹണോദ്യോഗസ്ഥൻ സൂക്ഷിച്ച് വെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ അപ്രകാരം കണ്ടെത്തി. ആയത് വിതരണം ചെയ്യുന്നതിനു വേണ്ടി നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയക്കേണ്ടതാണ്.

അതു കൂടാതെ,

സ.ഉ.(കൈ) 22/2018 സ്വഭവ. തീയതി 14/02/18 ഖണ്ഡിക 7.2.8. പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ) എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടൻറ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും; ഖണ്ഡിക 7.2.9 പ്രകാരം പാരലൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിനുശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. എന്നിരിക്കെ മേൽ ഉത്തരവിൽ വിശദമാക്കിയ അർഹതാമാനദണ്ഡപ്രകാരം അർഹരായവരല്ലാത്ത താഴെ പറയുന്നവർക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.

| ക്രമ നം | കൈപറ്റിയ വ്യക്തിയുടെ പേര്,മേൽവിലാസം | അപാകം | റിമാർക്സ് |
|---|---|---|---|
| 1 | രോഹിത് കെ പി S/Oപങ്കജവല്ലി കുരുടിയിൽ പനമണ്ണ സൌത്ത് | സിവിൽ എഞ്ചിനീയറിംഗ് രണ്ടു വർഷ കോഴ്സ് ടെക് വിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കുളപ്പുള്ളി ഷൊർണൂർ | അംഗീകൃത സ്ഥാപനമല്ല, അംഗീകൃത കോഴ്സല്ല യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ല |
| 2 | ഷിനു വി S/Oമോഹനൻ വി പി വടക്കേവീട്ടിൽ പാലപ്പുറം | സി എം എ + ബി കോം ഒരു വർഷ കോഴ്സ് പ്രൊഫിൻസ് സി എം എ തൃശ്ശൂർ ചാപ്റ്റർ കോച്ചിംഗ് സെൻറർ തൃശ്ശൂർ | അംഗീകൃത സ്ഥാപനമല്ല, അംഗീകൃത കോഴ്സല്ല യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ല |

മേൽ പറഞ്ഞവിധം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തത് സംബന്ധിച്ച് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ, ഉണ്ടായിരുന്ന രേഖകൾ സ്ഥലം മാറ്റം ചെയ്യപ്പെടുകയോ, നഷ്ടപ്പെടുകയോ ചെയ്തിരിക്കാമെന്നും താൻ നിലവിൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ രേഖകൾ ഹാജരാക്കാൻ സാവകാശം വേണമെന്നും അറിയിച്ചിട്ടുണ്ട്.

ആയതിനാൽ വിതരണം ചെയ്യാതെയവശേഷിക്കുന്ന ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയും ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായി നിശ്ചിത സമയ പരിധിക്കകം പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി അനർഹർക്ക് വിതരണം ചെയ്ത രണ്ട് ലാപ്പ്ടോപ്പിന് വേണ്ടി ചെലവഴിച്ച തുക 45406രൂപ ( 2*22703) തടസ്സപ്പെടുത്തുന്നു.

1-42-1 SCവിദ്യാർഥിനികൾക്ക് ലാപ്ടോപ്പ്- വിതരണം ചെയ്യാൻ ബാക്കിയുള്ള ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം

| | |
|---|---|
| 1 .പ്രോജക്ട് നമ്പർ | 62/20 SC |
| പ്രൊജക്ടിന്റെ പേര് | SCവിദ്യാർഥിനികൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 454060 (എസ് സിപി) |
| ചെലവ് | 454060/-<br>ട്രഷറി ബിൽ നമ്പർ 1/07/01/20 |
| വിതരണ ഏജൻസി | കെൽട്രോൺ |
| ഇൻവോയ്സ് നമ്പർ | TVM/ITVG/PI/RC/13110 /19/20 തിയ്യതി 30/12/19 |
| ലാപ്ടോപ്പിന് ഒന്നിന്റെ വില | 22703 രൂപ |

ട്രഷറി ബിൽ നമ്പർ 1/07/01/20 രൂ: 454060കെൽട്രോൺ ഇൻവോയ്സ് നമ്പർ RV 200105001695 പ്രകാരം കെൽട്രോണിൻറെ എസ് ബി ഐ അക്കൗണ്ട് നമ്പർ 79901140000395 പ്രകാരം കെൽട്രോണിന് 20 ലാപ്ടോപ്പിന് ഒന്നിന് 22703 രൂപ വെച്ച് 454060 രൂപ നൽകി. ആയതിൽ 16 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. 4 എണ്ണം വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 12/28.10.21) നൽകിയ മറുപടിയിൽ വിതരണം ചെയ്യാതെ 4 എണ്ണം നിർവഹണോദ്യോഗസ്ഥൻ സൂക്ഷിച്ച് വെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭൌതിക പരിശോധന നടത്തിയപ്പോൾ അപ്രകാരം കണ്ടെത്തി. ആയത് വിതരണം ചെയ്യുന്നതിനു വേണ്ടി നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയക്കേണ്ടതാണ്.

അതു കൂടാതെ,

സ.ഉ.(കൈ) 22/2018 സ്വഭവ. തീയതി 14/02/18 ഖണ്ഡിക 7.2.8. പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ) എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടൻറ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും; ഖണ്ഡിക 7.2.9 പ്രകാരം പാരലൽ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിനുശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. എന്നിരിക്കെ മേൽ ഉത്തരവിൽ വിശദമാക്കിയ അർഹതാമാനദണ്ഡപ്രകാരം അർഹരായവരല്ലാത്ത താഴെ പറയുന്നവർക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.

| ക്രമ നം | കൈപറ്റിയ വ്യക്തിയുടെ പേര്,മേൽവിലാസം | അപാകം | റിമാർക്സ് |
|---|---|---|---|
| 1 | ആരതി കെ പി<br>D/O ബാബു കെ പി<br>കൊട്ടേക്കാട്ടുപറമ്പിൽ വീട്<br>വരോട് | നഴ്സിംഗ് പഠനം<br>സ്ഥാപനം:നവോദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി<br>ഒറ്റപ്പാലം | യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ല<br>അംഗീകൃത കോഴ്സ് അല്ല<br>അംഗീകൃത സ്ഥാപനമല്ല |
| 2 | അനുഷ്മ ടി പി<br>D/O രാമചന്ദ്രൻ ടി പി<br>തെക്കേപുരക്കൽ വീട്<br>പാലപ്പുറം | മെഡിക്കൽ ലബോറട്ടറി ടെക്നോളജി കോഴ്സ്<br>വള്ളുവനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ്<br>കണ്ണിയംപുറം | യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ല<br>അംഗീകൃത കോഴ്സ് അല്ല<br>അംഗീകൃത സ്ഥാപനമല്ല |
| 3 | ശ്രുതി ടി എസ്<br>D/O ശ്രീകുമാരൻ<br>തടത്തിൽപടി<br>പാലപ്പുറം | സി വി ടി ടി കോഴ്സ്<br>വള്ളുവനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ്<br>കണ്ണിയംപുറം | യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ല<br>അംഗീകൃത കോഴ്സ് അല്ല<br>അംഗീകൃത സ്ഥാപനമല്ല |

മേൽ പറഞ്ഞവിധം അർഹരല്ലാത്ത ഗുണ ഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തത് സംബന്ധിച്ച് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ, ഉണ്ടായിരുന്ന രേഖകൾ സ്ഥലം മാറ്റം ചെയ്യപ്പെടുകയോ, നഷ്ടപ്പെടുകയോ ചെയ്തിരിക്കാമെന്നും താൻ നിലവിൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ രേഖകൾ ഹാജരാക്കാൻ സാവകാശം വേണമെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ വിതരണം ചെയ്യാതെയവശേഷിക്കുന്ന ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയും ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായി നിശ്ചിത സമയ പരിധിക്കകം പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി അനർഹർക്ക് വിതരണം ചെയ്ത മൂന്ന് ലാപ്പ്ടോപ്പിന് വേണ്ടി ചെലവഴിച്ച തുക 68109രൂപ ( 3*22703) തടസ്സപ്പെടുത്തുന്നു.

1-43 ആശുപത്രിയിലേക്ക് ഡയാലിസിസ്/ലാബ് റീ-ഏജന്റ് വാങ്ങൽ - സാധനങ്ങൾ മുഴുവനായും ലഭ്യമായിട്ടില്ല.

ഒറ്റപ്പാലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പരിശോധനയ്ക്ക് എത്തുന്ന രോഗികൾക്ക് ആവശ്യമായ ഡയാലിസിസ്/ലാബ് റീ-ഏജന്റുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | 52/20 ആശുപത്രിയിലേക്ക് ഡയാലിസിസ്/ലാബ് റീ-ഏജന്റ് വാങ്ങൽ | 191/20 ആശുപത്രിയിലേക്ക് ഡയാലിസിസ്/ലാബ് റീ-ഏജന്റ് വാങ്ങൽ (Spil Over) |
| അടങ്കൽ | 5000000 രൂപ - മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 653092 രൂപ - മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് |
| ചെലവ് | 3135123 രൂപ | 653092 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | |
| ബിൽ നമ്പർ | 12/2020 Dt 29.11.2019 | 03/2020 Dt 10.05.2019-500000<br>04/2020 Dt 10.05.2019-153092<br>ആകെ 653092 |

